# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തിരുവാർപ്പ് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എ.കെറ്റിഎം/291/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 16/03/2022
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തിരുവാർപ്പ് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തിരുവാർപ്പ് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തിരുവാർപ്പ് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്എ.കെറ്റിഎം/291/2022 തീയ്യതി: 16/03/2022

## കോട്ടയം ജില്ലയിലെ തിരുവാർപ്പ് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ തിരുവാർപ്പ് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-11-2019 മുതൽ 31-08-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 07-02-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ എം എൻ രാധാകൃഷ്ണൻ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ) | 27-01-2022 | 07-02-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 27-01-2022 | 07-02-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ഇന്ദുലേഖ എ, ഓഡിറ്റ് ഓഫീസർ
ശ്രീമതി സ്മിത ജി. നായർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി അമ്പിളി യു, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ആൽബിൻ സിറിയക്, ഓഡിറ്റർ 29.01.2022 വരെ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ജെസി നൈനാൻ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ ജോർജ്ജ് പി ജെ | സെക്രട്ടറി | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി സുജ മാത്യൂ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 11-07-2019 |
| ശ്രീ വിജയരാജ് വി ആർ | അസിസ്റ്റന്റ് സെക്രട്ടറി | 24-07-2019 | 31-03-2020 |
| ശ്രീമതി ബിന്ദു ടി ടി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 09-12-2019 |
| ശ്രീ അഖിൽലാൽ | അസിസ്റ്റന്റ് എഞ്ചിനീയർ | 10-12-2019 | 31-03-2020 |
| ശ്രീമതി ഗൗരി എ ആർ | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി റൈഹാനത്ത് ബീവി | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീ നിസാമുദ്ദീൻ എ | വി ഇ ഒ | 01-04-2019 | 31-03-2020 |
| ശ്രീമതി ഉമ എസ് | വി ഇ ഒ | 01-04-2019 | 31-03-2020 |
| ഡോ.ശ്രീമതി സുശീല സ്റ്റീഫൻ | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2019 | 31-03-2020 |
| ശ്രീ റോയി സക്കറിയ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2019 | 31-03-2020 |
| ഡോ. ശ്രീമതി സുജ ജോൺ | വെറ്ററിനറി സർജൻ | 01-04-2019 | 25-08-2019 |
| ഡോ.ശ്രീമതി ഹസീന കെ എച്ച് | വെറ്ററിനറി സർജൻ | 26-08-2019 | 31-03-2020 |
| ശ്രീമതി പ്രീതി സി | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2019 | 31-03-2020 |
| ശ്രീമതി ലേഖ ജെ | ഹെഡ്മിസ്ട്രസ്സ് | 01-04-2019 | 19-05-2019 |
| ശ്രീമതി റൂബി നൈനാൻ | ഹെഡ്മിസ്ട്രസ്സ് | 24-06-2019 | 31-03-2020 |
| ഡോ. ശ്രീമതി കാതറിൻ പ്രീമ തോമസ് | മെഡിക്കൽ ഓഫീസർ(അലോപ്പതി) | 01-04-2019 | 31-03-2020 |
| ശ്രീമതി രാജി എസ് മണി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2021 |
| ശ്രീ പ്രദീപ് പി ജി | അസിസ്റ്റന്റ് സെക്രട്ടറി | 12-07-2019 | 23-07-2019 |

| | | | |
|---|---|---|---|
| (ജൂനിയർ സൂപ്രണ്ട്) | -ഇൻ-ചാർജ്ജ് | | |

## ഉള്ളടക്കം



| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: A Indulekha (Audit Officer, On 05-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 09-03-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Smitha G Nair (Asst. Audit Officer, On 05-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 09-03-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: A Indulekha (Audit Officer, On 05-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 09-03-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Smitha G Nair (Asst. Audit Officer, On 05-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 09-03-2022) | 1-4 |
| 5 | വാർഷികപദ്ധതി അവലോകനം.<br>Written By: A Indulekha (Audit Officer, On 05-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 16-03-2022) | 1-5 |
| 6 | ദേശീയതൊഴിലുറപ്പ് പദ്ധതി<br>Written By: A Indulekha (Audit Officer, On 07-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 10-03-2022) | 1-6 |
| 7 | ക്ഷേമപദ്ധതികൾ<br>Written By: Albin Cyriac (Auditor, On 05-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 10-03-2022) | 1-7 |
| 8 | ക്യാഷ്ബാലൻസ് പരിശോധന<br>Written By: Albin Cyriac (Auditor, On 05-02-2022)<br>Last Updated By: Albin Cyriac (Auditor, On 05-02-2022) | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം<br>Written By: A Indulekha (Audit Officer, On 05-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 16-03-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: A Indulekha (Audit Officer, On 05-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 16-03-2022) | 1-10 |
| 11 | ജനറൽപർപ്പസ്ഗ്രാന്റ് അവസാന ഗഡുക്കൾ ഗ്രാമപഞ്ചായത്തിന് നഷ്ടമായി.<br>Written By: Smitha G Nair (Asst. Audit Officer, On 06-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 10-03-2022) | 1-11 |
| 12 | ഉപയോഗക്രമത്തിന് ബാധകമായ നിരക്കിൽ നികുതി നിർണ്ണയിക്കാത്തത് സംബ<br>Written By: Albin Cyriac (Auditor, On 07-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 16-03-2022) | 1-12 |
| 13 | ഹാളുകൾ/ഓഡിറ്റോറിയങ്ങളുടെ വസ്തുനികുതി നിർണ്ണയിച്ചിട്ടില്ല<br>Written By: Albin Cyriac (Auditor, On 07-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 16-03-2022) | 1-13 |
| 14 | ഒറ്റത്തവണ കെട്ടിടനികുതി - സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്.<br>Written By: Albin Cyriac (Auditor, On 07-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 10-03-2022) | 1-14 |
| 15 | തൊഴിൽനികുതി, സ്ഥാപനതൊഴിൽനികുതി ഈടാക്കിയിട്ടില്ല.<br>Written By: Albin Cyriac (Auditor, On 07-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 10-03-2022) | 1-15 |
| 16 | ഫാക്ടറികൾക്കും വ്യാപാരസ്ഥാപനങ്ങൾക്കും സംരഭക പ്രവർത്തനങ്ങൾക്കും ലൈസൻസ് നൽകൽ പുതുക്കിയ ഉത്തരവ് പ്രകാരം ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല. | 1-16 |

| | | |
|---|---|---|
| | Written By: Ambili.U (Senior Grade Auditor, On 07-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 16-03-2022) | |
| 17 | മുറിച്ചുമാറ്റിയ തടികൾ ലേലം ചെയ്ത് മുതൽ കൂട്ടിയില്ല.<br>Written By: Ambili.U (Senior Grade Auditor, On 07-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 10-03-2022) | 1-17 |
| 18 | സ്വകാര്യവ്യക്തിയുടെ പുരയിടത്തിൽ നിന്നിരുന്നമരം പഞ്ചായത്ത് ചെലവിൽ മുറിച്ചുമാറ്റി - തുക ഈടാക്കിയില്ല.<br>Written By: Ambili.U (Senior Grade Auditor, On 07-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 10-03-2022) | 1-18 |
| 19 | വാഹനത്തിന്റെ അറ്റകുറ്റപണി നടത്തിയത് -കണ്ടേഷൻ ക്ഷണിച്ചതിന്റെ രേഖകൾ ,ഭരണ സമതിയുടെഅംഗീകാരം എന്നിവ ലഭ്യമല്ല.<br>Written By: Ambili.U (Senior Grade Auditor, On 07-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 16-03-2022) | 1-19 |
| 20 | വാഹനത്തിന്റെ ഇൻഷ്വറൻസ് -സർക്കാർ ഉത്തരവ് പാലിച്ചില്ല.<br>Written By: Ambili.U (Senior Grade Auditor, On 07-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 10-03-2022) | 1-20 |
| 21 | വാട്ടർ അതോറിറ്റി പമ്പ് ഓപ്പറേറ്റർക്ക് തനത് ഫണ്ടിൽനിന്ന് വേതനം നൽകി - നിയമന വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.<br>Written By: Ambili.U (Senior Grade Auditor, On 07-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 16-03-2022) | 1-21 |
| 22 | കന്നുകുട്ടി പരിപാലന പദ്ധതി- പദ്ധതിയിൽ നിന്ന് ഒഴിവാക്കിയവരുടെ വിഹിതം തിരികെ അടയ്ക്കേണ്ടതാണ്<br>Written By: Smitha G Nair (Asst. Audit Officer, On 06-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 16-03-2022) | 1-22 |
| 23 | ഗ്രാമസഭ തെരഞ്ഞെടുക്കാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകി<br>Written By: Smitha G Nair (Asst. Audit Officer, On 06-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 16-03-2022) | 1-23 |
| 24 | ബാരൽവിലയിനത്തിൽ ഈടാക്കിയ തുക നിശ്ചിതശീർഷകങ്ങളിൽ അടവാക്കിയിട്ടില്ല.<br>Written By: Smitha G Nair (Asst. Audit Officer, On 06-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 10-03-2022) | 1-24 |
| 25 | സ്പിൽ ഓവർ പ്രോജക്ടുകൾ നടപ്പാക്കിയിട്ടില്ല<br>Written By: Smitha G Nair (Asst. Audit Officer, On 07-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 10-03-2022) | 1-25 |
| 26 | പോസ്റ്റ് ഷിഫ്റ്റിംഗ്- പൂർത്തീകരണ വിവരങ്ങൾ ലഭ്യമാക്കിയില്ല.<br>Written By: Ambili.U (Senior Grade Auditor, On 07-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 16-03-2022) | 1-26 |
| 27 | കുടിവെള്ള വിതരണം -ആദായനികുതി ഈടാക്കിയിട്ടില്ല.<br>Written By: A Indulekha (Audit Officer, On 07-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 16-03-2022) | 1-27 |
| 28 | പെൻസിൽ പ്രോഗ്രാം -ചെലവഴിച്ച തുക തിരികെ ലഭിച്ചത് സംബന്ധിച്ച്.<br>Written By: Ambili.U (Senior Grade Auditor, On 07-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 10-03-2022) | 1-28 |
| 29 | പ്രത്യേക ആവശ്യത്തിന് ലഭിച്ച ഫണ്ടുകളുടെ വിനിയോഗം നിരീക്ഷിക്കേണ്ടതാണ്<br>Written By: Smitha G Nair (Asst. Audit Officer, On 07-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 16-03-2022) | 1-29 |
| 30 | ഹയർ സെക്കൻഡറി തുല്യതാ കോഴ്സിന് ധനസഹായം നല്കൽ<br>Written By: A Indulekha (Audit Officer, On 07-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 10-03-2022) | 1-30 |
| 31 | തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം നടപ്പിലാക്കിയിട്ടില്ല - വൈദ്യുതി ചാർജിനത്തിൽ അധിക ചെലവുണ്ടാകുന്നു<br>Written By: A Indulekha (Audit Officer, On 08-02-2022) | 1-31 |

| | | |
|---|---|---|
| | Last Updated By: Ramamol Velayudhan (Computer Assistant, On 10-03-2022) | |
| 32 | ഹരിത കർമ്മസേനയുടെ രൂപീകരണവും അജൈവ മാലിന്യ ശേഖരണവും-തുടർ പ്രവർത്തനം നടക്കുന്നില്ല<br>Written By: A Indulekha (Audit Officer, On 07-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 16-03-2022) | 1-32 |
| 33 | എസ്.എസ്.എ.ക്ക് വിഹിതം നൽകൽ - പദ്ധതി ആസൂത്രണത്തിൽ ഗ്രാമപഞ്ചായത്ത് പങ്ക് വഹിച്ചത്<br>Written By: A Indulekha (Audit Officer, On 08-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 10-03-2022) | 1-33 |
| 34 | ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയില്ല<br>Written By: Smitha G Nair (Asst. Audit Officer, On 06-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 16-03-2022) | 1-34 |

## ഭാഗം 2

--- No Records Found ---

## ഭാഗം 3

--- No Records Found ---

## ഭാഗം 4

| | | |
|---|---|---|
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം<br>Written By: A Indulekha (Audit Officer, On 07-02-2022)<br>Last Updated By: A Indulekha (Audit Officer, On 07-02-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: A Indulekha (Audit Officer, On 07-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 10-03-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Albin Cyriac (Auditor, On 05-02-2022)<br>Last Updated By: Albin Cyriac (Auditor, On 05-02-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Albin Cyriac (Auditor, On 05-02-2022)<br>Last Updated By: Albin Cyriac (Auditor, On 05-02-2022) | 4-4 |
| 5 | വായ്പ/വായ്പാതിരിച്ചടവ്<br>Written By: Albin Cyriac (Auditor, On 05-02-2022)<br>Last Updated By: Smitha G Nair (Asst. Audit Officer, On 07-02-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപത്തിന്റെ വിവരം<br>Written By: Albin Cyriac (Auditor, On 05-02-2022)<br>Last Updated By: Albin Cyriac (Auditor, On 05-02-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Smitha G Nair (Asst. Audit Officer, On 07-02-2022)<br>Last Updated By: Smitha G Nair (Asst. Audit Officer, On 07-02-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Albin Cyriac (Auditor, On 05-02-2022)<br>Last Updated By: Albin Cyriac (Auditor, On 05-02-2022) | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം<br>Written By: Albin Cyriac (Auditor, On 05-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 16-03-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Albin Cyriac (Auditor, On 05-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 16-03-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Albin Cyriac (Auditor, On 05-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 16-03-2022) | 4-11 |

## അനുബന്ധം

| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2019-20 വർഷത്തെ പുതുക്കിയ ബജറ്റ് 23.02.2020 തീയതിയിലെ 1(1)നം. തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവുചെലവ്, യഥാർത്ഥ വരവ് ചെലവ് എന്നിവയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രതീക്ഷ | യഥാർത്ഥം |
|---|---|---|
| മുന്നിരിപ്പ് | 21901859 | 25824315 |
| വരവ് | 291232600 | 60871088 |
| ആകെ | 313134459 | 86695403 |
| ചെലവ് | 306451373 | 67991409 |
| നീക്കിയിരിപ്പ് | 6683086 | 18703994 |

ബജറ്റ് പ്രകാരം 29.12 കോടി രൂപയുടെ പ്രതീക്ഷിത വരവും 30.64കോടി രൂപയുടെ പ്രതീക്ഷിത ചെലവുമാണ് കണക്കാക്കിയത്. പഞ്ചായത്തിന്റെ 2019-20 ഇൻകം & എക്സ്പെൻഡിച്ചർ പത്രിക (I&E) പ്രകാരം വരുമാനം 127636805 രൂപയും ചെലവ് 131591892 രൂപയുമാണ്. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 214-ൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം ആവശ്യമായ മുന്നൊരുക്കം നടത്തി ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ബജറ്റ് തയ്യാറാക്കുന്നതിന് നിയമപരമായ നടപടിക്രമങ്ങൾ എല്ലാം കൃത്യമായി പാലിച്ചിട്ടുണ്ടെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പാക്കേണ്ടതാണ്.

## 1-2 വാർഷികധനകാര്യപത്രിക

ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 13.05.20-ലെ 3/1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച് ഓഡിറ്റിന് സമർപ്പിച്ച 2019-20 ലെ വാർഷിക ധനകാര്യപത്രികയുടെ ഭാഗമായ റസീറ്റ്സ് ആന്റ് പേയ്മെന്റ് പത്രിക പ്രകാരമുള്ള വർഷാരംഭ മുന്നിരിപ്പ് 25824315 രൂപയും തൻവർഷ വരവ് 60871088 രൂപയും തൻവർഷചെലവ് 67991409രൂപയും വർഷാവസാന നീക്കിയിരിപ്പ് 18703994രൂപയും ആകുന്നു. തൻവർഷത്തെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ആകെ വരുമാനം 127636805രൂപയും ആകെ ചെലവ് 131591892 രൂപയും ആകുന്നു. 2019-20സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)26-7-11-ലെ ജി.ഒ (എം.എസ്)152/11-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല. ആസ്തികൾക്ക് ഡിപ്രീസിയേഷൻ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരമുള്ള നിരക്കിലാണോ എന്ന് വർക്ക് ഷീറ്റിന്റെ അഭാവത്തിൽ വ്യക്തമല്ല.

2) വസ്തു നികുതിയുടെ വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ സഞ്ചയ പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകയുമായി പൊരുത്തപ്പെടുന്നില്ല.

3)I-18 പ്രകാരം മുൻവർഷ ഇനങ്ങളായി ക്രമീകരിച്ച തുകകളുടെ അക്കൗണ്ടിങ്ങ് ക്രമീകരണം നടത്തിയതിന് അടിസ്ഥാനമായ രേഖകൾ ലഭ്യമല്ല.

4)2011-ലെ കേരള പഞ്ചായത്ത്‌രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 58(4) എച്ച് പ്രകാരം തൻവർഷ കുടിശ്ശിക തുകകൾക്ക് ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല( ഷെഡ്യൂൾ I-16).

5)മഴക്കാലപൂർവ്വ ശുചീകരണത്തിനു ലഭിച്ച ശുചിത്വ മിഷൻ ഫണ്ട് ചെലവഴിച്ചതിനു ശേഷം ചെലവ് ശീർഷകത്തിൽ ക്രമീകരിച്ചിട്ടില്ല. നിലവിലും 460500399 അഡ്വാൻസ് ടു അദർ ഓണറൈസ്ഡ് ഏജൻസീസ് എന്ന ശീർഷകത്തിലാണ് അക്കൗണ്ട് ചെയ്തിട്ടുള്ളത്

6) 'ഇനി ഞാൻ ഒഴുകട്ടെ' എന്ന പ്രോജക്റ്റിന് സെക്രട്ടറി എടുത്ത 100000 രൂപയുടെ മുൻകൂർ ക്രമീകരിച്ചിട്ടുണ്ടെങ്കിലും ചെലവ് ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല. നിലവിലും 460500501 അഡ്വാൻസ് ടു ഇംപ്ലിമെന്റിങ്ങ് ഓഫീസേഴ്സ് എന്ന ശീർഷകത്തിലാണ് അക്കൗണ്ട് ചെയ്തിട്ടുള്ളത്

7)412010101-Capital Work In Progress ശീർഷകത്തിൽ 1914003 രൂപ നീക്കിയിരിപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്. ഫൈനൽ ബിൽ നൽകിയവ ആസ്തിയിലേക്ക് മാറ്റി ക്രമീകരിച്ചിട്ടില്ല.

8) തൊഴിൽരഹിത വേതനമിനത്തിൽ 41400 രൂപയാണ് യഥാർത്ഥ ചെലവ്. എന്നാൽ വാർഷികകണക്കിൽ 52440 രൂപ റസീപ്റ്റ് ആന്റ് പെയ്മെന്റിലും 73680/- രൂപ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ പത്രികയിലും രേഖപ്പെടുത്തിയത്.

9) അസിസ്റ്റന്റ് എഞ്ചിനിയറുടെ വർക്ക് ബില്ലിൽ നിന്ന് കുറവ് ചെയ്ത കാലി ബാരലിന്റെ വില 150120105 Sale Of Empties And Waste Materials എന്ന ശീർഷകത്തിൽ അക്കൗണ്ട് ചെയ്തിട്ടില്ല.

അപാകതകൾ പരിഹരിക്കേണ്ടതാണ്

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 25824315 |
| ഓഡിറ്റ് വർഷത്തെ വരവ് | 60871088 |
| ആകെ | 86695403 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 67991409 |
| നീക്കിയിരിപ്പ് | 18703994 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1042811 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | പ്രാരംഭ ബാക്കി | വരവ് (സ്രോതസിൽ കുറവ് ചെയ്ത തുക ഉൾപ്പെടെ) | ആകെ | ചെലവ് | നീക്കിയിരിപ്പ് ലാപ്സായതുക |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 28421000 | 28421000 | 14028674 | 14392326 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 5801000 | 5801000 | 3441306 | 2359694 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 202000 | 202000 | 201980 | 20 |
| മെയിന്റനൻസ് ഗ്രാന്റ്, റോഡ് | 0 | 840000 | 840000 | 624362 | 215638 |
| മെയിന്റനൻസ് ഗ്രാന്റ്, നോൺ- | 0 | 4722000 | 4722000 | 2146524 | 2575476 |

| | | | | | |
|---|---|---|---|---|---|
| റോഡ് | | | | | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 12319037 | 12319037 | 4138821 | 8180216 |
| ശുചിത്വ മിഷൻ | 1228008 | 0 | 1228008 | 618940 | 609068 |
| എസ്.എസ്.എ | 180006 | 5944 | 185950 | 0 | 185950 |
| ഐ.സി.ഡി.എസ് | 1267192 | 617470 | 1884662 | 1490503 | 394159 |
| റ്റി.എസ്.സി | 34288 | 1240 | 35528 | 0 | 35528 |

1.ജി ഒ പ്രോജക്ടായി സ്രോതസ്സിൽ കുറവ് ചെയ്ത തുകകൾ വാർഷികകണക്കിൽ (RP 7) ഉൾപ്പെടുത്താത്തതിനാൽ പൊതുവിഭാഗം വികസനഫണ്ട്, എസ്.സി.പി, ഫണ്ട് ചെലവ് തുകകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ , വാർഷികകണക്ക് എന്നിവയിൽ വ്യത്യാസപ്പെട്ടിരിക്കുന്നു.

2. ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വിവിധ ഫണ്ടിനങ്ങളുടെ ബാലൻസ് തുകകൾ രേഖപ്പെടുത്തിയിട്ടുള്ളത് എ.സി.ആർ./ചെലവു പത്രികയുമായി പൊരുത്തപ്പെടുന്നില്ല. ചെലവ് തുകകൾ സുലേഖ പത്രികയുമായി പൊരുത്തപ്പെടുന്നുണ്ട്. സംസ്ഥാന കേന്ദ്രാവിഷ്കൃത ഫണ്ടുകളുടെ വരവ്ചെലവ്, നീക്കിയിരിപ്പ് തുകകളും എസിആറുമായി പൊരുത്തപ്പെടുന്നില്ല. തന്മൂലം ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വകയിരുത്തൽ , നീക്കിയിരിപ്പ് തുകകളുടെ കൃത്യത നിർണ്ണയിക്കാൻ കഴിഞ്ഞിട്ടില്ല.

മേൽ അപാകതകൾക്ക് വിധേയമായാണ് ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം (അനുബന്ധം 2) നൽകിയിരിക്കുന്നത്.

## 1-5 വാർഷികപദ്ധതി അവലോകനം.

ഗ്രാമപഞ്ചായത്തിന്റെ 2019-20ലെ വാർഷികപദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളുടെ മീറ്റിംഗ് 06.10.2018ൽ നടക്കുകയുണ്ടായി . പദ്ധതിരൂപീകരണ ഗ്രാമ സഭകൾ 27.01.2019 മുതൽ 03.02.2019 വരെ നടത്തിയിരുന്നു. 19.02.2019ൽ ഭരണസമിതി അംഗീകരിച്ച പ്രോജക്ടുകൾ 5.03.2019ലെ 2707/18/DPC/DPO/KTMനമ്പർ ഉത്തരവ് പ്രകാരം ജില്ലാ ആസൂത്രണസമിതി അംഗീകാരം ലഭിക്കുകയും ചെയ്തു.അംഗീകാരം ലഭിക്കുകയും നടപ്പിലാക്കുകയും ചെയ്ത പ്രോജക്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ച പ്രോജക്ടുകളുടെ എണ്ണം | നടപ്പിലാക്കിയ പ്രോജക്ടുകൾ | ആകെ അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|
| 303 | 144 | 154374675 | 52793362 | 34.19 |

വിവിധ നിർവഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ വാർഷികപദ്ധതി പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | നിർവഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പ്രോജക്ടുകൾ | നടപ്പിലാക്കിയത് | വകയിരുത്തിയ തുക | ചെലവ് | ശതമാനം |
|---|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 7 | 4 | 6191000 | 2724938 | 44 |
| 2 | വെറ്ററിനറി സർജൻ | 12 | 8 | 6062500 | 1726546 | 28 |
| 3 | മെഡി.ഓഫീസർ, പി.എച്ച്.സി | 6 | 3 | 1516000 | 646300 | 43 |

| | | | | | | |
|---|---|---|---|---|---|---|
| 4 | മെഡി.ഓഫീസർ, ആയുർവേദം | 1 | 1 | 700000 | 700000 | 100 |
| 5 | മെഡി.ഓഫീസർ, ഹോമിയോ | 1 | 1 | 150000 | 150000 | 100 |
| 6 | വി.ഇ.ഒ-1 | 24 | 17 | 77464170 | 25356180 | 33 |
| 7 | ഐ.സി.ഡി.എസ് സൂപ്പർവൈസർ. | 11 | 8 | 6655050 | 5649831 | 85 |
| 8 | സെക്രട്ടറി | 48 | 23 | 11261903 | 5199866 | 46 |
| 9 | അസി.എൻജിനീയർ | 169 | 62 | 40985108 | 9382143 | 23 |
| 10 | ക്ഷീരവികസന ഓഫീസർ | 3 | 2 | 854944 | 354944 | 42 |
| 11 | അസി.സെക്രട്ടറി | 11 | 10 | 764500 | 487991 | |
| 12 | ഹെഡ്മാസ്റ്റർ | 7 | 3 | 1335020 | 253108 | 19 |
| 13 | ഫിഷറീസ് സബ്ഇൻസ്പെക്ടർ | 3 | 2 | 434480 | 161515 | 37 |
| | ആകെ | 303 | 144 | 154374675 | 52793362 | 34.19 |

തൻവർഷം തനതുഫണ്ടിൽനിന്നും 80.39 ലക്ഷം രൂപയാണ് വാർഷികപദ്ധതിക്കായി ചെലവഴിച്ചിട്ടുള്ളത്. മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിക്കാവുന്ന റോഡ് പ്രവൃത്തികൾക്കും തനതുഫണ്ട് വകയിരുത്തിയാണ് പ്രോജക്ടുകൾ ആവിഷ്കരിച്ചിരുന്നത് . സർക്കാർ ഗ്രാന്റ് പരമാവധി വകയിരുത്താതിരുന്നതും വകയിരുത്തി അംഗീകാരം ലഭിച്ച പുതിയ പ്രോജക്ടുകൾ ബഹുഭൂരിപക്ഷവും നടപ്പാക്കാതിരുന്നതും യുക്തിപൂർവ്വമല്ലാതെയുള്ള വകയിരുത്തലും വാർഷികപദ്ധതിയുടെ ചെലവുശതമാനം കുറയുന്നതിനിടയായി.

<u>വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം ഫലപ്രദമല്ല :</u> 13-ാം പദ്ധതിയുടെ മാർഗ്ഗരേഖ അനുസരിച്ച് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സ്ഥാപനതലത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന അംഗം അദ്ധ്യക്ഷനായി വിവിധ ഉപമേഖലകൾക്കായി പ്രത്യേക വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിക്കേണ്ടതും ബന്ധപ്പെട്ടവർ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നിയന്ത്രണത്തിലും മേൽനോട്ടത്തിലും പ്രവർത്തിക്കേണ്ടതുമാണ്. സ്റ്റാറ്റസ് റിപ്പോർട്ടും കരട് നിർദ്ദേശങ്ങളും പദ്ധതികളുടെ നിർദ്ദേശങ്ങളും തയ്യാറാക്കുകയും സമർപ്പിക്കുകയും ചെയ്യുക, പ്രോജക്ടുകളുടെ നിർവ്വഹണം മോണിറ്റർ ചെയ്യുക എന്നിവയാണ് വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രധാന ചുമതലകൾ. എന്നാൽ മേൽ നിർദ്ദേശപ്രകാരമുള്ള ചുമതലകൾ നിർവ്വഹിച്ചതായി വ്യക്തമല്ല.

ഓരോ വിഷയമേഖലയുടേയും കീഴിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികളുടെ കൃത്യമായ ആസൂത്രണത്തിനും നടപ്പാക്കലിനും വർക്കിംഗ് ഗ്രൂപ്പുകൾ കൃത്യമായി യോഗം ചേരേണ്ടതാണ്. 2019-20ലെ വാർഷികപദ്ധതിയുമായി ബന്ധപ്പെട്ട് വർക്കിംഗ് ഗ്രൂപ്പുകൾ യോഗം കൂടിയിട്ടുണ്ടെങ്കിലും പല വർക്കിംഗ് ഗ്രൂപ്പുകളും യോഗവിവരങ്ങളുടെ മിനിറ്റ്സ് കൃത്യമായി എഴുതിയിട്ടില്ല. തീയതി രേഖപ്പെടുത്താതെയും യോഗവിവരങ്ങൾ സാക്ഷ്യപ്പെടുത്താതെയുമാണ് മിനിറ്റ്സ് സൂക്ഷിച്ചിട്ടുള്ളത്.

നിർവഹണ ഉദ്യോഗസ്ഥനെ പ്രോജക്ട് ഏല്പിച്ചശേഷം മീറ്റിംഗുകളും ചർച്ചകളും നടത്തി നിർദേശങ്ങൾ നല്കുന്നതിനപ്പുറം ഫീൽഡ്തല സന്ദർശനങ്ങൾ,രേഖകൾ പരിശോധിക്കൽ തുടങ്ങിയവയിലൂടെ യഥാർഥ നിർവഹണങ്ങൾ വിലയിരുത്തപ്പെടുന്നില്ല.ഭരണസമിതി,സ്റ്റാന്റിംഗ് കമ്മിറ്റികൾ ,വർക്കിംഗ് ഗ്രൂപ്പുകൾ എന്നിവയുടെ കാര്യക്ഷമമായ ഇടപെടലുകളിലൂടെ മാത്രമെ വാർഷികപദ്ധതിയുടെ ഫലപ്രാപ്തി സാധ്യമാവുകയുള്ളൂ.

<u>പ്രളയദുരിതാശ്വാസ ഫണ്ടിന്റെ വിനിയോഗം</u>

2018-ലെ പ്രളയം സാരമായി ബാധിച്ച ഗ്രാമപഞ്ചായത്തുകൾക്ക് സംസ്ഥാനസർക്കാരിന്റെ 2019-20

ബജറ്റിൽ പ്രത്യേകമായി വകയിരുത്തിയിരുന്ന വികസനഫണ്ട് വിഹിതം തിരുവാർപ്പ് ഗ്രാമ പഞ്ചായത്തിനും അനുവദിക്കപ്പെട്ടിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 12-12-2019- ലെ സ.ഉ. (സാധാ) നം 9823/2019 പ്രകാരം പൊതുവിഭാഗത്തിൽ 12308000/- രൂപയും പട്ടികജാതിവിഭാഗത്തിൽ 899000രൂപയും ഉൾപ്പെടെ ആകെ 13207000/- രൂപ അനുവദിക്കുകയുണ്ടായി. സാമ്പത്തിക വർഷാവസാനം അനുവദിക്കപ്പെട്ട തുകയായതിനാൽ വിനിയോഗിക്കാൻ സാധിച്ചില്ല.

1-5 വിവിധ ഗ്രാന്റുകൾ വിനിയോഗിച്ചില്ല. 2.8 കോടി രൂപ നഷ്ടപ്പെട്ടു

ഓഡിറ്റ് വർഷം സമയബന്ധിതമായി പദ്ധതി നടപ്പാക്കാത്തതിനാൽ നഷ്ടമായ സർക്കാർ ഗ്രാന്റിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ഫണ്ടിനം | വരവ്(സ്രോതസിൽ കുറവ് ചെയ്ത തുക ഉൾപ്പെടെ) | ചെലവ് | നീക്കിയിരിപ്പ് ലാപ്സായതുക |
|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 28421000 | 14028674 | 14392326 |
| വികസന ഫണ്ട് (എസ്.സി.പി) | 5801000 | 3441306 | 2359694 |
| വികസനഫണ്ട്(ടി.എസ്.പി) | 202000 | 201980 | 20 |
| മെയിന്റനൻസ് ഗ്രാന്റ്, റോഡ് | 840000 | 624362 | 215638 |
| മെയിന്റനൻസ് ഗ്രാന്റ്, നോൺ-റോഡ് | 4722000 | 2146524 | 2575476 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 12319037 | 4138821 | 8180216 |
| ആകെ 27723370 | | | |

പ്രവൃത്തികളുടെ ബാഹുല്യവും, പദ്ധതി നിർവ്വഹണ നടപടികളിലെ മെല്ലെപ്പോക്കും സർക്കാർ ഫണ്ട് നഷ്ടപ്പെടാൻ പ്രധാന കാരണമാണ്. സി. എഫ് .സി ഉപാധിപ്രകാരമുള്ള ഫണ്ട് ചെലവ് നാമമാത്രമായിരുന്നു. തൻവർഷത്തേയ്ക്ക് ലഭിക്കാൻ സാദ്ധ്യതയുള്ള ആകെ പദ്ധതി വിഹിതത്തിന് ആനുപാതികമായി മാത്രം പദ്ധതികൾ തയ്യാറാക്കുകയോ (സ്പിൽ ഓവർ ഉൾപ്പെടെ), അതല്ലെങ്കിൽ സ്പിൽഓവർ പദ്ധതികളുടെ പ്രവർത്തനങ്ങൾ വർഷാരംഭത്തിൽ തന്നെ പൂർത്തീകരിച്ച് ലഭിക്കാൻ സാദ്ധ്യതയുള്ള അധിക വിഹിതത്തിനായി സർക്കാരിനെ സമീപിക്കുകയോ ചെയ്യേണ്ടത് അനിവാര്യമാണ്. വികസനപ്രവർത്തനങ്ങൾക്കായി ലഭ്യമായിരുന്ന തുകയിൽ 2.8 കോടി രൂപ വർഷാവസാനം സഞ്ചിതനിധിയിലേയ്ക്ക് തിരികെ എടുക്കപ്പെട്ടിട്ടുണ്ട്. അപാകതകൾ ആവർത്തിക്കാതിരിക്കേണ്ടതാണ്.

1-6 ദേശീയതൊഴിലുറപ്പ് പദ്ധതി

ഗ്രാമപഞ്ചായത്തിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2019-20വർഷം 129 പേർക്ക് പുതുതായി തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. തൻവർഷം ലേബർ ബജറ്റ്പ്രകാരം 678പ്രവൃത്തികളാണ് വിഭാവനം ചെയ്തത്. 424 പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭിച്ചതിൽ 309 പ്രവൃത്തികൾ പൂർത്തീകരിക്കാനായിട്ടുണ്ട്. 130928 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു 909 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. പ്രകൃതി വിഭവ സംരക്ഷണത്തിന് മുൻഗണന നല്കി ജല സംരക്ഷണ പ്രവൃത്തി, തോട് ആഴം കൂട്ടൽ, വർക്ക്ഷെഡ്, മഴക്കുഴി, പടുതാക്കുളം തരിശ്ഭൂമി കൃഷിയോഗ്യമാക്കൽ , തുടങ്ങിയ പ്രോജക്കുകളാണ് ഏറ്റെടുത്ത് നടപ്പിലാക്കിയത്. തൻവർഷത്തെ ക്യാഷ് ബുക്ക് പ്രകാരമുള്ള വരവുചെലവുകണക്കുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നുണ്ട്. കാഷ്ബുക്ക് പ്രകാരമുള്ള 2019-20വരവ്-ചെലവു കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 16903 | 1686858 | 1702761 | 1119088 | 584672 |
| ഭരണചെലവ് | -- | 46144781 | 46144781 | 46144781 | -------- |
| ആകെ | 16903 | 47831639 | 47848542 | 47263869 | 584672 |

തൊഴിലുറപ്പ് പദ്ധതി വരവ് ചെലവ് കണക്കുകൾ വാർഷികകണക്കും ബാങ്ക് സ്റ്റേറ്റ്മെന്റ്,തൊഴിലുറപ്പ് പദ്ധതി അക്കൗണ്ടന്റ് സൂക്ഷിക്കുന്ന കാഷ് ബുക്ക് എന്നിവ പ്രകാരം പരിശോധിച്ച് ഉറപ്പാക്കിയ വിവരമാണ് മുകളിൽ ചേർത്തിരിക്കുന്നത്.

## 1-7 ക്ഷേമപദ്ധതികൾ

2019-20വർഷം വിവിധ ക്ഷേമ പദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശം, ഗുണഭോക്താക്കളുടെ എണ്ണം എന്നിവ താഴെ ചേർത്തിരിക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 73680 | 75 |
| വാർദ്ധക്യകാലപെൻഷൻ | 13294200 | 2643 |
| കർഷകതൊഴിലാളി പെൻഷൻ | 6420600 | 1127 |
| വിധവാപെൻഷൻ | 4805400 | 863 |
| വികലാംഗപെൻഷൻ | 2173700 | 397 |

## 1-8 ക്യാഷ്ബാലൻസ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവാർപ്പ് ഗ്രാമപഞ്ചായത്തിന്റെ ക്യാഷ് ബാലൻസ് പരിശോധന 28.01.2022-ന് 03:00 PM സമയത്ത് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പ്രസ്തുത പരിശോധനയിൽ 45920/-രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ പൊതുവായ വിലയിരുത്തൽ ചുവടെ ചേർക്കുന്നു.

ഏതൊരു സ്ഥാപനത്തിന്റെയും ഭരണപരമായ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ടു കൊണ്ടുപോകുന്നതിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനം അനിവാര്യമാണ്. ഗ്രാമപഞ്ചായത്തിന്റെ വിവിധ മേഖലയിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ ആഭ്യന്തര നിയന്ത്രണസംവിധാനം നിലനിർത്തുന്നതിൽ ഗ്രാമപഞ്ചായത്ത് കാര്യക്ഷമമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1) പൊതുനിയന്ത്രണം

ആഭ്യന്തര നിയന്ത്രണ സംവിധാനം ഉത്തരവാദിത്വമായി ഉൾക്കൊണ്ടുകൊണ്ട് ഗ്രാമ പഞ്ചായത്തിലെ മൊത്തത്തിലുള്ള ജോലി വിഭജനം നിർണ്ണയിക്കുന്നതിനും അപാകതകൾ പരിഹരിക്കുന്നതിനുമുള്ള നടപടികൾ അധികൃതർ സ്വീകരിച്ചിട്ടുണ്ട്.

2) അക്കൗണ്ടിംഗ് സംവിധാനം (Sankhya Software മുഖേന)

അക്കൗണ്ടിംഗ് ചട്ടത്തിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം സാംഖ്യ സോഫ്റ്റ്വെയറിലധിഷ്ഠിതമായ ഡബിൾ എൻട്രി അക്കൗണ്ടിംഗ് സംവിധാനം പിൻതുടരുന്നു, എങ്കിലും ആസ്തികളുടെ മൂല്യനിർണ്ണയ പ്രക്രിയ

പൂർത്തിയായിട്ടില്ല.

3) ക്യാഷ്, ബാങ്ക് നിയന്ത്രണം

ഓരോ ഇടപാടുകൾ സംബന്ധിച്ചും ഫലപ്രദമായ കാഷ്/ബാങ്ക് നിയന്ത്രണത്തിൽ അപാകതകൾ നിലവിലില്ല. നിലവിലുള്ള എല്ലാ ബാങ്ക് അക്കൗണ്ടുകളുടെയും ലിസ്റ്റ്, ചെക്ക്/ഡി.ഡി. എന്നിവയുടെ രേഖകൾ ക്യാഷ്/ബാങ്ക് മുഖേനയുള്ള വരവ് ചെലവുകളുടെ രേഖപ്പെടുത്തൽ, സൂക്ഷിപ്പ്, വരവിൽ നിൽക്കുന്ന ക്യാഷിന്റെ നിക്ഷേപം, ചെലവുകൾ വേർതിരിച്ച് നിയന്ത്രിച്ചും, ചെലവുകൾ വ്യക്തമായി ബിൽ രജിസ്റ്ററിൽ രേഖപ്പെടുത്തിയും ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയുമുള്ള ക്യാഷ്/ബാങ്ക് സംബന്ധിച്ച വ്യക്തമായ സംവിധാനം അവലംബിച്ചിട്ടുണ്ട്.

4) നികുതി നികുതിയേതര വരവുകളുടെ നിയന്ത്രണ സംവിധാനം

നികുതി നികുതിയേതര വരുമാനങ്ങൾ കൃത്യമായി നിർണ്ണയിക്കുന്നതിലും പിരിച്ചെടുക്കുന്നതിലും ഭരണസമിതിയുടെയും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെയും ഫലപ്രദമായ ഇടപെടലുകൾ സംബന്ധിച്ച് മിനിട്ട്സ് ബുക്കുകളിൽ രേഖപ്പെടുത്തലുകൾ ഉണ്ടായിട്ടുണ്ട്. എങ്കിലും വസ്തുനികുതി ഉൾപ്പെടെയുള്ള വരവിനങ്ങളിൽ കുടിശ്ശിക അവശേഷിക്കുന്നുണ്ട്.

5) വാങ്ങലുകളിന്മേലും നിർമ്മാണ പ്രവൃത്തികളിന്മേലുള്ള നിയന്ത്രണം

പ്രൊക്യൂർമെന്റ് കമ്മറ്റി രൂപീകരിച്ചിട്ടുണ്ട്.പ്രൊക്യൂർമെന്റ് കമ്മറ്റിയുടെ നിരീക്ഷണത്തിലും അംഗീകാരത്തോടും കൂടിയ പ്രോക്യൂർമെന്റ് മാനുവൽ അനുസരിച്ചുള്ള പ്രവൃത്തികളും വാങ്ങലുകളും മാത്രമാണ് നടത്തിയിട്ടുണ്ട്.

6) പേ റോൾ നിയന്ത്രണം

ജീവനക്കാരെ സംബന്ധിക്കുന്ന എല്ലാ രേഖകളും കൃത്യമായി സൂക്ഷിച്ചും, സ്ഥാപന സോഫ്റ്റ്‌വെയർ വഴി രേഖപ്പെടുത്തിയുള്ള പേ റോൾ നിയന്ത്രണം നിലവിലുണ്ട്.

7) രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

കേന്ദ്ര /സംസ്ഥാന ഫണ്ട് വിഹിതങ്ങളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്നതും ബി4-പട്ടികയുമായി ബന്ധപ്പെടുത്തി സൂക്ഷിക്കേണ്ട ACRസൂക്ഷിയ്ക്കുന്നില്ല. സ്ട്രീറ്റ് ലൈറ്റ് രജിസ്റ്റർ, വാട്ടർ ചാർജ്ജ് രജിസ്റ്റർ, സ്യൂട്ട് രജിസ്റ്റർ, ലോൺ രജിസ്റ്റർ , സർക്കാരിലേയ്ക്ക് അടവാക്കാനുള്ള ബാദ്ധ്യതകളുടെ രജിസ്റ്റർ എന്നിവ കൃത്യമായും കാലികമായും സൂക്ഷിച്ചിട്ടില്ല.

8) ആസ്തി നിയന്ത്രണം ഫലപ്രദമല്ല

ആസ്തിയുടെ വിൽപ്പനയും വാങ്ങലുകളും ആസ്തികളുടെ മൂല്യ വർദ്ധനവ്/ശോഷണം തുടങ്ങിയ വിവരങ്ങൾ യഥാസമയം രേഖപ്പെടുത്തി ആസ്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

9) ഓഡിറ്റ് റിപ്പോർട്ടിൻമേലുള്ള പഞ്ചായത്ത് തീരുമാനം

1997-ലെ കേരള പഞ്ചായത്ത് രാജ് (പരിശോധന രീതിയും ആഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം15(2)- പ്രകാരം ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിൻമേൽ പഞ്ചായത്ത് എടുത്ത തീരുമാനങ്ങളുടെയും പകർപ്പ് പഞ്ചായത്ത് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്. ഓഡിറ്റ് റിപ്പോർട്ട് ഗ്രാമസഭകളിൽ ചർച്ചയ്ക്ക് വച്ച് സോഷ്യൽ ഓഡിറ്റിന് വിധേയമാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 24.10.2021 | 3/2021 | 10/2021 |
| അക്കൗണ്ടന്റ് ജനറലിന്റെ | 20.10.2016-03.11.2016 | 2011-12t02015-16 | 08.12.16 |

| ഓഡിറ്റ് | | | |
|---|---|---|---|

1-11 ജനറൽപർപ്പസ്ഗ്രാന്റ് അവസാന ഗഡുക്കൾ ഗ്രാമപഞ്ചായത്തിന് നഷ്ടമായി.

ഗ്രാമപഞ്ചായത്തിന് 2019-20 വർഷം അനുവദിക്കപ്പെട്ട ജനറൽപർപ്പസ് ഫണ്ട് വിഹിതത്തിന്റെ 11-ാംഗഡു തുക 1070200/-രൂപ, 12-ാംഗഡു തുക 1069800/-രൂപ , ഇൻസെന്റീവ് തുക 342898 രൂപ എന്നിവയുടെ ബില്ലുകൾ ട്രഷറിയിൽ പാസ്സാകാതിരുന്നതിനാൽ ഈയിനത്തിൽ ആകെ 2482898 രൂപ ഗ്രാമപഞ്ചായത്തിന് നഷ്ടമായി. ഓഡിറ്റ് തീയതിവരെ ടി തുകകൾ ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ ക്രഡിറ്റ് വന്നിട്ടില്ല. തനതുവരുമാനം കുറവായ ഗ്രാമപഞ്ചായത്തിന് മേൽപ്പറഞ്ഞപ്രകാരം തുക നഷ്ടമാകാനിടയായ സാഹചര്യം സംബന്ധിച്ച് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ടതിന് (എൻക്വയറി നമ്പർ-4) ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത തുകകളുടെ ബില്ലുകൾ സമയബന്ധിതമായി ബിൽ ജനറേറ്റ് ചെയ്ത് കോട്ടയം സബ് ട്രഷറിയിൽ സമർപ്പിച്ചിരുന്നതാണെന്നും എന്നാൽ കോവിഡ് മൂലം പണം പിൻവലിക്കുന്നതിന് ട്രഷറിയിൽ നിലനിന്നിരുന്ന ഉത്തരവുകളിൽ ഉദ്യോഗസ്ഥർക്ക് ഉണ്ടായിരുന്ന അവ്യക്തത മൂലം ബില്ലുകൾ പാസ്സാകാതിരുന്നതാണെന്നും തുക ലഭ്യമാകുന്നതിന് കമ്മിറ്റി തീരുമാനം ഉൾപ്പെടെ ധനവകുപ്പിന് അപേക്ഷ നൽകിയിട്ടുണ്ടെന്നും അറിയിച്ചു. . എന്നാൽ ഓഡിറ്റ് തീയതിവരെ ടി ബിൽതുകകൾ സർക്കാരിൽനിന്നും പുനരനുവദിച്ച് ലഭിച്ചിട്ടില്ല. ഇത്തരത്തിൽ തുക നഷ്ടമായ പഞ്ചായത്തുകൾക്ക്07/07/2021 ലെ 4859/21 ഉത്തരവിലൂടെ തുക അനുവദിച്ചെങ്കിലും തിരുവാർപ്പ് പഞ്ചായത്ത് ഈ ഉത്തരവിൽ ഉൾപ്പെട്ടിട്ടില്ല. നഷ്ടമായ തുക ഗ്രാമപഞ്ചായത്തിന് പുനരനുവദിച്ച് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

1-12 ഉപയോഗക്രമത്തിന് ബാധകമായ നിരക്കിൽ നികുതി നിർണ്ണയിക്കാത്തത് സംബ

1) സഞ്ചയ മൊഡ്യൂളിൽ ലഭ്യമായ അസസ്സ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിന്റെ 17-ാം വാർഡിൽ ശ്രീ അജീഷ് ആൻഡ്രൂസ് മണലേൽചിറയിൽ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള വാണിജ്യാവശ്യം എന്ന ഉപയോഗക്രമത്തിൽ പെട്ട കെട്ടിടത്തിന് 17/427A, B,C,D എന്നീ നമ്പരുകളിൽ താഴെ പറയും പ്രകാരം നികുതി നിർണ്ണയിച്ച് നൽകിയിട്ടുണ്ട്

| കെട്ടിട നമ്പർ | വിസ്തീർണ്ണം | നിർണ്ണയിച്ച അടിസ്ഥാന നികുതി(50 രൂപ നിരക്കിൽ) | 20% വർദ്ധനവിന്റെ അടിസ്ഥാനത്തിലുള്ള നികുതി |
|---|---|---|---|
| 427A | 40.02m2 | 2001 | 2402 |
| 427B | 40.02m2 | 2001 | 2402 |
| 427C | 46.57m2 | 2329 | 2795 |
| 427D | 46.57m2 | 2329 | 2795 |

2) 9-ാം വാർഡിൽ ശ്രീ അജിൻ ജേക്കബ് ശ്രീമതി അനില മാത്യു കണിയാങ്കളം എന്നിവരുടെ ഉടമസ്ഥതയിലുള്ള വാണിജ്യാവശ്യം എന്ന ഉപയോഗക്രമത്തിൽ പെട്ട കെട്ടിടത്തിന് 17/427A, B,C,D എന്നീ നമ്പരുകളിൽ താഴെ പറയും പ്രകാരം നികുതി നിർണ്ണയിച്ച് നൽകിയിട്ടുണ്ട്

| കെട്ടിട നമ്പർ | വിസ്തീർണ്ണം | നിർണ്ണയിച്ച അടിസ്ഥാന നികുതി(50 രൂപ നിരക്കിൽ) | 20% വർദ്ധനവ് 10% ഇളവിന്റെ അടിസ്ഥാനത്തിലുള്ള നികുതി |
|---|---|---|---|
| 166A | 24.55m2 | 1228 | 1350 |

| | | | |
|---|---|---|---|
| 166B | 20m2 | 1000 | 1100 |
| 166C | 36.5m2 | 1825 | 2008 |
| 166D | 48.5m2 | 2425 | 2668 |

ഗ്രാമ പഞ്ചായത്തിലെ വിജ്ഞാപന പ്രകാരം വാണിജ്യാവശ്യത്തിനുള്ളവ 100ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ എന്നീ ഗണത്തിൽ പെട്ട കെട്ടിടങ്ങൾക്ക് 60 രൂപ നിരക്കിലാണ് നികുതി നിർണ്ണയിക്കേണ്ടത്. ടി കെട്ടിടത്തിന് 100 ച.മീ.വരെ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ ഒരു ച.മീറ്ററിന് 50 രൂപ നിരക്കിലാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്. ഉപയോഗക്രമത്തിന് ബാധകമായ നിരക്കിൽ വസ്തുനികുതി നിർണ്ണയിക്കാത്തതിന്റെ കാരണം വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് (നം. 26/05.02.22) നികുതി പുനർനിർണ്ണയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. തുടർനടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്

1-13 ഹാളുകൾ/ഓഡിറ്റോറിയങ്ങളുടെ വസ്തുനികുതി നിർണ്ണയിച്ചിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ്-207 (എ) പ്രകാരം പൊതു ആരാധനക്കായി നീക്കി വച്ചിട്ടുള്ളതും അല്ലെങ്കിൽ അനുബന്ധ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതുമായ കെട്ടിടങ്ങളെ മാത്രമാണ് വസ്തുനികുതി ചുമത്തുന്നതിൽ നിന്ന് ഒഴിവാക്കിയിട്ടുള്ളത്. ഗുണഭോക്താക്കളിൽ നിന്ന് വാടകയീടാക്കി സേവനം വിട്ടുനൽകുന്ന ക്ഷേത്രങ്ങളോട് ചേർന്നുള്ള സദ്യാലയങ്ങൾ, പള്ളികളോട് ചേർന്നുള്ള പാരിഷ് ഹാളുകൾ എന്നിവയ്ക്ക് വസ്തുനികുതി ചുമത്തിയിട്ടില്ല. ഈ ഗണത്തിൽപ്പെട്ട നിരവധി കെട്ടിടങ്ങൾ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും സഞ്ചയ മൊഡ്യൂൾ പരിശോധിച്ചതിൽ രണ്ട് കെട്ടിടങ്ങൾ മാത്രമാണ് ഈ ഗണത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

മേൽപ്പറഞ്ഞ ഹാളുകൾ/ഓഡിറ്റോറിയങ്ങൾ/കെട്ടിടങ്ങൾ എന്നിവയുടെ വസ്തുനികുതി നിർണ്ണയിക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ അന്വേഷക്കുറിപ്പിന് (നം.25/05.02.22) നിലവിൽ 14 കെട്ടിടങ്ങൾ അസസ്സ് ചെയ്യാതെയോ ഗണം മാറിയോ ഉള്ളതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ടെന്നും അപാകത പരിഹരിക്കുന്നതിന് ഫീൽഡ് പരിശോധന നടന്നുകൊണ്ടിരിക്കുകയാണെന്നും അറിയിച്ചു. അപാകത പരിഹരിക്കേണ്ടതും പഞ്ചായത്തിന്റെ നികുതി നഷ്ടം ഒഴിവാക്കേണ്ടതുമാണ് . ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്

1-14 ഒറ്റത്തവണ കെട്ടിടനികുതി - സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്.

2019-20 വർഷം പുതിയ കെട്ടിങ്ങൾക്ക് നമ്പർ അനുവദിച്ചപ്പോഴും, നിലവിലുള്ള കെട്ടിടങ്ങളോട് കൂട്ടിച്ചേർക്കലുകൾ വരുത്തുമ്പോൾ അങ്ങനെ കൂട്ടിച്ചേർക്കുന്ന ഭാഗത്തിന് അധിക വസ്തുനികുതി ഈടാക്കിയപ്പോഴും സ.ഉ (എം.എസ് ) നം.231 /15/ ത.സ്വ.ഭ.വ തീയതി 9/7/2015 പ്രകാരം 1975 ലെ കേരള കെട്ടിടനികുതി നിയമത്തിലെ വകുപ്പ് 5(1) പ്രകാരമുള്ള ഒറ്റത്തവണ കെട്ടിടനികുതി അടച്ച രസീതിന്റെ പകർപ്പോ അല്ലെങ്കിൽ വകുപ്പ് 7 പ്രകാരമുള്ള റിട്ടേൺ ഫയൽ ചെയ്തതിന്റെ ആധികാരികമായ രേഖയോ ഹാജരാക്കിയാൽ മാത്രം ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ കെട്ടിടത്തിന് നമ്പർ നല്കി വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കേണ്ടതാണ്. 2019-20 വർഷം നികുതി നിർണ്ണയം നടത്തിയ ഫയലുകളിൽ ടി നിർദ്ദേശം പാലിച്ചതിന്റെ രേഖകൾ ഉൾപ്പെടുത്തിയിട്ടില്ല. പ്രസ്തുത നിർദ്ദേശം പാലിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ടു കൊണ്ടുള്ള ഓഡിറ്റ് എൻക്വയറിയുടെ (24/05.02.22) മറുപടിയിൽ മുൻവർഷം അവസാനം മുതൽ പാലിക്കുന്നുണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

1-15 തൊഴിൽനികുതി, സ്ഥാപനതൊഴിൽനികുതി ഈടാക്കിയിട്ടില്ല.

കിളിരൂർ ദേവസ്വം ,തിരുവാർപ്പ് ദേവസ്വങ്ങളിലെ ജീവനക്കാർ തൊഴിൽ നികുതി അടവാക്കിയിട്ടില്ല

എന്ന് ഓഡിറ്റ് എൻക്വയറിക്ക് (നം. 28/04.02.22) മറുപടി ലഭ്യമാക്കി. പരാമർശിച്ചിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതിയും എസ് ബി ഐ ,യുടെ സ്ഥാപന തൊഴിൽ നികുതിയും കുടിശിക സഹിതം ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-16 ഫാക്ടറികൾക്കും വ്യാപാരസ്ഥാപനങ്ങൾക്കും സംരഭക പ്രവർത്തനങ്ങൾക്കും ലൈസൻസ് നൽകൽ പുതുക്കിയ ഉത്തരവ് പ്രകാരം ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല.

1996ലെ കേരള പഞ്ചായത്ത് രാജ് (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും ലൈസൻസ്) നൽകൽ ചട്ടങ്ങൾക്ക് തദ്ദേശ സ്വയംഭരണവകുപ്പിന്റെ 31.10.2017 ലെ 80/2017 നമ്പർ ഉത്തരവ് പ്രകാരം ഭേദഗതി വരുത്തിയിരുന്നു. ഭേദഗതി ഉത്തരവനുസരിച്ച് 01.11.2017 മുതൽ സ്ഥാപനങ്ങളുടെ മൂലധനനിക്ഷേപത്തെ അടിസ്ഥാനപ്പെടുത്തിയാണ് ലൈസൻസ് ഫീസ് ഈടാക്കേണ്ടത്. എന്നാൽ തിരുവാർപ്പ് പഞ്ചായത്തിൽ 2019-20സാമ്പത്തിക വർഷം പഴയ ചട്ടങ്ങൾ പ്രകാരം സ്ഥാപനങ്ങളുടെ വിറ്റുവരവിനനുസരിച്ചാണ് ഫീസ് ഈടാക്കിയിട്ടുള്ളതെന്ന് കാണുന്നു. മൂലധനനിക്ഷേപത്തിൽ അടിസ്ഥാനപ്പെടുത്തി ലൈസൻസ് ഫീസ് ഈടാക്കാതിരുന്നത് സംബന്ധിച്ചും ഭേദഗതിചട്ടമനുസരിച്ച് സ്ഥാപനങ്ങളുടെ ലൈസൻസ് ഫീസ് ഈടാക്കുന്നതിന് പഞ്ചായത്ത് ഇതിനോടകം നടപടികൾ സ്വീകരിച്ചിട്ടുള്ളപക്ഷം ആയതിന്റെ വിവരങ്ങളും രേഖാമൂലം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുനൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (27/5.2.22) 30.06.20 ലെ 14(1) നമ്പർ തീരുമാന പ്രകാരം നിലവിൽ ഫീസീടാക്കിവരുന്നു എന്ന് മറുപടി ലഭ്യമാക്കി. 2019-20 വർഷം ഭേദഗതി ചട്ട പ്രകാരമുള്ള ഫീസ് ഈടാക്കിയിട്ടില്ല. തുടർ വർഷങ്ങളിൽ പുതുക്കിയ ചട്ടപ്രകാരമുള്ള ഫീസ് ഈടക്കേണ്ടതാണ്.

1-17 മുറിച്ചുമാറ്റിയ തടികൾ ലേലം ചെയ്ത് മുതൽ കൂട്ടിയില്ല.

പഞ്ചായത്തിൽ 17ാം വാർഡിൽ അയ്യംമാത്ര തുമ്പേക്കളം റോഡിൽ തോടിന് സമീപം നിന്നിരുന്ന പാലമരവും 10-ാം വാർഡിൽ കാഞ്ഞിരം കവലക്ക് സമീപം പുറംപോക്കിൽ നിന്നിരുന്ന ആൽമരവും മുറിച്ചുമാറ്റുന്നതിന് വൗച്ചറുകൾ പ്രകാരം 15700/-രൂപ (10200+5500=15700/-) ചെലവഴിച്ചിട്ടുണ്ട്. മുറിച്ച് മാറ്റിയ പാലമരതടികഷ്ണങ്ങൾ ലേലം ചെയ്യുന്നതിന് വാലുവേഷൻ ലഭിക്കുന്നതിന് സോഷ്യൽ ഫോറസ്റ്ററി വകുപ്പിന് 22.07.19 ന് കത്ത് നൽകിയിരുന്നു.വാലുവേഷൻ ലഭ്യമാക്കി പാലമരവും, ആൽമരവും ലേലം ചെയ്ത് തുക പഞ്ചായത്ത് ഫണ്ടിൽ മുതൽകൂട്ടിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടുനൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (15/03.2.22) പാലമരം പുനർലേലം ചെയ്തിട്ടും ലേലം കൊള്ളാൻ ആരും എത്തിയില്ലെന്നും നിലവിൽ തടികഷണങ്ങൾ ദ്രവിച്ച് കിടപ്പുണ്ടെന്നും ആൽമരം ഉണങ്ങിജീർണ്ണവസ്ഥയിലുള്ള മരമായിരുന്നതിനാൽ ലേലനടപടികൾ സ്വീകരിച്ചില്ലെന്നും മറുപടി ലഭ്യമാക്കി. ഈ സാഹചര്യത്തിൽ പഞ്ചായത്ത് ഭരണസമതി തീരുമാനം പ്രകാരം വില നിർണ്ണയിച്ച് ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതായിരുന്നു. എന്നാൽ ഇപ്രകാരമുള്ള നടപടികൾ ഭരണ സമിതി സ്വീകരിച്ചതായികാണുന്നില്ല. തുടർ വർഷങ്ങളിൽ അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-18 സ്വകാര്യവ്യക്തിയുടെ പുരയിടത്തിൽ നിന്നിരുന്നമരം പഞ്ചായത്ത് ചെലവിൽ മുറിച്ചുമാറ്റി - തുക ഈടാക്കിയില്ല.

മോനിച്ചൻ ,ചെമ്പകശേരി, എന്നയാളുടെ വീട്ടുവളപ്പിൽ നിന്നിരുന്ന മരം ഏലിയാമ്മ എബ്രഹാം ,മുക്കിൽചിറ തിരുവാർപ്പ് എന്നയാളുടെ വീടിന്റെ മുകളിലേക്ക് അപകടകരമായ അവസ്ഥയിൽ നിൽക്കുന്നു എന്ന് പരാതിപ്പെട്ടതിനാൽ മരം മുറിച്ചുമാറ്റുന്നതിന് ടിയാൾക്ക് കത്ത് നൽകിയിരുന്നു. കത്ത് നൽകിയിട്ടും ടിയാൾ മരം മുറിച്ചുമാറ്റാത്ത സാഹചര്യത്തിൽ 06.7.19 ലെ 8(1) നമ്പർകമ്മറ്റിതീരുമാനം പ്രകാരം പഞ്ചായത്ത് ചെലവിൽ മരം മുറിച്ചു മാറ്റി തുക മോനിച്ചൻ ,ചെമ്പകശേരിയിൽനിന്നും ഈടാക്കുന്നതിനു തീരുമാനിച്ചിരുന്നു. മരം മുറിച്ച് മാറ്റുന്നതിന് 2500/-രൂപ (വൗച്ചർ നമ്പർ-21900510/6.09.19) പഞ്ചായത്ത് ഫണ്ടിൽനിന്ന് ചെലവഴിച്ചിട്ടുണ്ട്. കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 238 (1)ബി പ്രകാരം സ്വകാര്യ

വ്യക്തിയുടെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ അപകടാവസ്ഥയിൽ നിൽക്കുന്ന മരം പഞ്ചായത്ത് ചെലവിൽ മുറിച്ച് മാറ്റിയാൽ ചെലവ് ഉടമസ്ഥനിൽ നിന്ന് ഈടാക്കാവുന്നതാണ്. ഇപ്രകാരം തുക ടിയാനിൽ നിന്ന് ഈടാക്കിയതിന്റെയും മുറിച്ച് മാറ്റിയമരം ലേലം ചെയ്ത് തുക പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടിയതിന്റെയും, വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുനൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (16/05.2.22) തുക നാളിതുരെ ടിയാൻ അടവാക്കിയിട്ടില്ലന്നും തുക ഈടാക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു എന്നും മറുപടി ലഭ്യമാക്കി. മുറിച്ചുമാറ്റിയ മരം ലേലം ചെയ്ത് തുക പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടിയും ചെലവ് തുക ടിയാനിൽനിന്ന് ഇടാക്കിയും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-19 വാഹനത്തിന്റെ അറ്റകുറ്റപണി നടത്തിയത് -ക്വട്ടേഷൻ ക്ഷണിച്ചതിന്റെ രേഖകൾ ,ഭരണ സമതിയുടെഅംഗീകാരം എന്നിവ ലഭ്യമല്ല.

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ബൊലോറോ ജീപ്പിന്റെ (KL 5-AH7273 ) സർവീസിംഗ് ,അറ്റകുറ്റപ്പണി,എ സി റിപ്പയറിംഗ് ന്യൂസിസ്റ്റം ഓട്ടോമൊബൈൽസ്, ഇല്ലിക്കൽ, കുളങ്ങര ട്രേഡേഴ്സ്, കോട്ടയം, കൂൾകെയർ ഓട്ടോമൊബൈൽസ്, ചെങ്ങളം, എന്നീ സ്ഥാപനങ്ങൾ മുഖേന നടത്തിയതിന് വിവിധ വൗച്ചറുകൾ പ്രകാരം 49,718/-രൂപ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. വാഹനത്തിന്റെ അറ്റകുറ്റപണികൾക്ക് ക്വട്ടേഷൻ ക്ഷണിച്ചതിന്റെ വിവരങ്ങൾ, ഭരണ സമതിയുടെ അനുമതി ലഭിച്ചതിന്റെ വിവരങ്ങൾ എന്നിവ പരിശോധനയിൽ ലഭിച്ചില്ല. (ജി .ഒ. (എം.എസ്.) 170/07 ത.സ്വ.ഭ.വ. 30.06.2007 നമ്പർ ഉത്തരവ് പ്രകാരം രണ്ടായിരം രൂപയിൽ അധികരിക്കാത്ത മൈനർ സ്വഭാവത്തിലുള്ള അറ്റകുറ്റപ്പണിയും റിപ്പയറും ക്വട്ടേഷൻ ഇല്ലാതെ അദ്ധ്യക്ഷന്റെ അനുമതിയോടുകൂടി ചെയ്യാവുന്നതാണ്. രണ്ടായിരം രൂപ മുതൽ പതിനായിരം രൂപ വരെയുള്ള അറ്റകുറ്റപ്പണി ക്വട്ടേഷൻ ഇല്ലാതെ പഞ്ചായത്ത് ഭരണ സമിതിയുടെ അനുമതിയോടെ സർക്കാർ അംഗീകൃത വർക്ക് ഷോപ്പുകളിൽ ചെയ്യാവുന്നതും അംഗീകാരമില്ലാത്ത വർക്ക് ഷോപ്പുകളിൽ ക്വട്ടേഷൻ ക്ഷണിച്ച് ഭരണ സമിതിയുടെ അനുമതിയോടുകൂടി ചെയ്യാവുന്നതുമാണ്. പതിനായിരം രൂപക്ക് മുകളിൽ വരുന്ന എല്ലാ പണികളും ഭരണ സമിതിയുടെ അംഗീകാരത്തോടു കൂടി മത്സര സ്വഭാവമുള്ള ക്വട്ടേഷന്റെ അടിസ്ഥാനത്തിൽ ചെയ്യേണ്ടതാണ്. എന്നാൽ മേൽ പറഞ്ഞിരിക്കുന്ന അറ്റകുറ്റപണി, റിപ്പയറിംഗ് എന്നിവ നടത്തുന്നതിന് ഭരണ സമിതിയുടെ അനുമതി ലഭിച്ചതിന്റെയോ, ക്വട്ടേഷൻ ക്ഷണിച്ചതിന്റെ വിശദാംശങ്ങളോ ലഭ്യമായില്ല. ഒരേ സ്ഥാപനത്തിന് തന്നെ സർവീസിംഗ്, മെയിന്റനൻസ് വർക്ക് നൽകിയതിനും സർക്കാർ അംഗീകൃത വർക്ക് ഷോപ്പിൽ മെയിന്റനൻസ് ചെയ്യിക്കാത്തതിനും വിശദീകരണം നൽകാൻ ആവശ്യപ്പെട്ടുനൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (10/5.2.22) വെള്ളപ്പൊക്കംമൂലം വാഹനം കോട്ടയത്തേക്ക് കൊണ്ടുപോകാൻ സാധിക്കാത്തതിനാലാണ് ഇപ്രകാരം പരാമർശിച്ചിട്ടുള്ള വർക്ക് ഷോപ്പിൽ അറ്റകുറ്റപണി നടത്തിയതെന്നും ചെലവുകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി അംഗീകരിച്ചിട്ടുള്ളതാണെന്നും നിലവിൽ സർക്കാർ അംഗീകൃത വർക്ക്ഷോപ്പിലാണ് വാഹനത്തിന്റെ അറ്റകുറ്റപ്പണികൾ നടത്തിവരുന്നതെന്നും മറുപടി ലഭ്യമാക്കി. വാഹനങ്ങളുടെ ഉപയോഗം സംബന്ധിച്ച് മേൽ പറഞ്ഞിരിക്കുന്ന ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ച് കമ്മറ്റി തീരുമാനങ്ങൾ ഉൾപ്പെടെയുള്ള നടപടിക്രമങ്ങൾ, പണി സംബന്ധിച്ച വിശദാംശങ്ങൾ എന്നിവ ഫയലിൽ സൂക്ഷിക്കേണ്ടതാണ്. തുടർ വർഷങ്ങളിൽ അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. വാഹനത്തിന്റെ അറ്റകുറ്റപണിക്ക് തൻവർഷം ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം | സ്ഥാപനം | തുക | വൗച്ചർ നമ്പർ |
|---|---|---|---|
| 1 | കുളങ്ങര ട്രേഡേഴ്സ്,കോട്ടയം | 5150/- | 21900306/11.7.19 |
| 2 | കൂൾകെയർഓട്ടോമൊബൈൽസ് ചെങ്ങളം | 2700/- | 21900307/16.7.19 |
| 3 | ന്യൂസിസ്റ്റംഓട്ടോമൊബൈൽസ് ഇല്ലിക്കൽ | 8000/- | 21900395/29.7.19 |

| | | | |
|---|---|---|---|
| 4 | ന്യൂസിസ്റ്റംഓട്ടോമൊബൈൽസ് ഇല്ലിക്കൽ | 12998/- | 21900531/28.09.19 |
| 6 | ന്യൂസിസ്റ്റംഓട്ടോമൊബൈൽസ് ഇല്ലിക്കൽ | 4310/- | 21900737/25.11.19 |
| 7 | ന്യൂസിസ്റ്റംഓട്ടോമൊബൈൽസ് ഇല്ലിക്കൽ | 8180/- | 21900824/17.12.19 |
| 8 | ന്യൂസിസ്റ്റംഓട്ടോമൊബൈൽസ് ഇല്ലിക്കൽ | 7700/- | 21900902/9.01.20 |
| 9 | ന്യൂസിസ്റ്റംഓട്ടോമൊബൈൽസ് ഇല്ലിക്കൽ | 6380/- | 21901149/11.03.20 |
| ആകെ | | 55,418/- | |

1-20 വാഹനത്തിന്റെ ഇൻഷ്വറൻസ് -സർക്കാർ ഉത്തരവ് പാലിച്ചില്ല.

GO(P) 819/2000/Fin/18.04.2000 നമ്പർ സർക്കാർ ഉത്തരവ് , 21.02.14- ലെ 16/14/Fin നമ്പർ സർക്കുലർ എന്നിവ പ്രകാരം, സർക്കാർ/ അനുബന്ധ സ്ഥാപനങ്ങൾ എന്നിവയുടെ ജനറൽ ഇൻഷ്വറൻസ് പോളിസികൾ സർക്കാരിന്റെ തന്നെ വകുപ്പായ കേരളാ സ്റ്റേറ്റ് ഇൻഷ്വറൻസ് ഡിപ്പാർട്ട്മെന്റ് മുഖേന എടുക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്ത് വാഹനത്തിന്റെയും, പാലിയേറ്റിവ് പദ്ധതിക്കുവേണ്ടി വാങ്ങിയ ആബുലൻസിന്റെയും ഇൻഷ്വറൻസ് ഓറിയന്റൽ ഇൻഷ്വറൻസ് ,കമ്പനിയിൽ നിന്നും എടുത്തതായി കാണുന്നു. ആയതിന്റെ കാരണം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (11/05/02/22) ഇൻഷ്വറൻസ് പ്രീമിയം അടവാക്കിയ സമയത്ത് ഉത്തരവ് ശ്രദ്ധയിൽപ്പെട്ടില്ല എന്നും ആബുലൻസിന്റെ ഇൻഷ്വറൻസ് നിലവിലുള്ള കമ്പനി മുഖേന ഇൻഷ്വറൻസ് ചെയ്ത് വരികയാണെന്നും തുടർ വർഷങ്ങളിൽ സ്റ്റേറ്റ് ഇൻഷ്വറൻസ് വകുപ്പ് മുഖേന അടവാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കി. തുടർവർഷങ്ങളിൽ ഇൻഷ്വറൻസ് പുതുക്കുന്നതിന് സർക്കാർ ഉത്തരവ് പാലിക്കേണ്ടതാണ്. ഇൻഷ്വറൻസിന് ചെലവഴിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമനം | വാഹനം | തുക | വൗച്ചർനമ്പർ ,തീയതി | സ്ഥാപനം |
|---|---|---|---|---|
| 1 | പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ജിപ്പ് | 14450/- | 21901002/6.2.20 | ഓറിയന്റൽ ഇൻഷ്വറൻസ്, കമ്പനി |
| 2 | പാലിയേറ്റിവ്പദ്ധതിക്ക് വാങ്ങിയ ആബുലൻസ് (പി എച്ച് സി) | 11982/- | 21900125/25.5.19 | |

1-21 വാട്ടർ അതോറിറ്റി പമ്പ് ഓപ്പറേറ്റർക്ക് തനത് ഫണ്ടിൽനിന്ന് വേതനം നൽകി - നിയമന വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

കിളിരൂർ കുന്നംപുറത്ത് സ്ഥാപിച്ചിട്ടുള്ള വാട്ടർ അതോറിറ്റിവക പമ്പ് ഹൗസിൽനിന്ന് കുടിവെള്ളം (കാഞ്ഞിരം, കിളിരൂർ, മലരിക്കൽ) പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിലേക്ക് പമ്പ് ചെയ്യുന്നതിന് പമ്പ് ഓപ്പറേറ്റർ വി റ്റി ഗോപിക്ക് പ്രതി ദിനം 360/-രൂപ നിരക്കിൽ എല്ലാമാസവും തനത് ഫണ്ടിൽനിന്ന് വേതനം നൽകുന്നുണ്ട്. പമ്പ് ഓപ്പറേറ്ററുടെ നിയമനം, പ്രതിദിന വേതനനിരക്ക് എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ, ഇപ്രകാരം വേതനം നൽകുന്നതിന് സർക്കാർ അനുമതി ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ എന്നിവ ഹാജരാക്കാൻ ആവശ്യപ്പെട്ട നൽകിയ

ഓഡിറ്റ് അന്വേഷണകുറിപ്പിന് (09/2.02.22) പഞ്ചായത്തിൽ ശുദ്ധജലലഭ്യത കുറവാണെന്നും കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശമായതിനാൽ ജലലഭ്യത ഉറപ്പാക്കേണ്ടത് പഞ്ചായത്തിന്റെ ഉത്തരവാദിത്വമായതിനാലാണ് പമ്പ് ഓപ്പറേറ്ററെ നിലനിർത്തിയിരിക്കുന്നതെന്നും മറുപടി ലഭ്യമാക്കി. പമ്പ് ഓപ്പറേറ്റർക്ക് നിയമനം നൽകിയിട്ടുള്ളത് എപ്രകാരമാണ് എന്നതെളിയിക്കുന്ന അടിസ്ഥാന രേഖകൾ ഹാജരാക്കിയില്ല. നിയമനം സംബന്ധിച്ച് ഭരണ സമിതി തലത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ, രേഖകൾ എന്നിവ ലഭ്യമാക്കേണ്ടതാണ്. തൻവർഷം തനത് ഫണ്ടിൽനിന്നും ചെലവഴിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമനം | കാലയളവ് | പ്രതിദിന വേതന നിരക്ക് | പ്രതിമാസ വേതനം | വൗച്ചർ നമ്പർ, തീയതി |
|---|---|---|---|---|
| 1 | 03/19 | 360 | 11160 | 21900018/11.04.19 |
| 2 | 04/19 | | 10800 | 21900088/6.05.19 |
| 3 | 05/19 | | 11160 | 21900168/3.06.19 |
| 4 | 06/19 | | 10800 | 21900268/08.07.19 |
| 5 | 07/19 | | 11160 | 21900371/3.8.19 |
| 6 | 08/19 | | 11160 | 21900492/3.9.19 |
| 7 | 09/19 | | 10800 | 21900559/4.10.19 |
| 8 | 10/19 | | 11160 | 21900692/11.11.19 |
| 9 | 11/19 | | 10800 | 21900793/5.12.19 |
| 10 | 12/19 | | 11160 | 21900890/03.01.20 |
| 11 | 01/20 | | 11160 | 21901005/6.02.20 |
| 12 | 02/20 | | 10440 | 21901120/4.03.20 |
| ആകെ തുക | | | 131,760/- | |

1-22 കന്നുകുട്ടി പരിപാലന പദ്ധതി- പദ്ധതിയിൽ നിന്ന് ഒഴിവാക്കിയവരുടെ വിഹിതം തിരികെ അടയ്ക്കേണ്ടതാണ്

പ്രോജക്ട് നം. 49/20(കന്നുകുട്ടി പരിപാലന പദ്ധതി വനിത )

അടങ്കൽ- 875000 രൂപ ( വികസന ഫണ്ട്-218750 സംസ്ഥാനാവിഷ്കൃത ഫണ്ട്- 218750 ഗുണഭോക്തൃ വിഹിതം- 437500)

ചെലവ്- 218750/- ബിൽ നമ്പർ 100/28.09.2019

നിർവ്വഹണോദ്യോഗസ്ഥൻ- വെറ്ററിനറി സർജൻ.

മേൽ പ്രോജക്ടിനായി പഞ്ചായത്ത് വിഹിതമായി 35 ഗുണഭോക്താക്കൾക്ക് 6250 രൂപ വീതം 218750 രൂപ വികസന ഫണ്ടിൽ നിന്നും പിൻവലിച്ച് കോട്ടയം കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം അസിസ്റ്റന്റ് ഡയറക്ടറുടെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. തിരുവാർപ്പ് ക്ഷീരോൽപ്പാദക സംഘത്തെയാണ് കാലിത്തീറ്റ വിതരണത്തിനായി തെരഞ്ഞെടുത്തിരുന്നത് . സംഘത്തിന്റെ വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന ഗുണഭോക്താക്കൾ പ്രസ്തുതപദ്ധതിയുടെ ഭാഗമായി കാലിത്തീറ്റ വാങ്ങിയിട്ടില്ല

| ഗുണഭോക്താവ് | കാലിത്തീറ്റ വാങ്ങാത്ത മാസങ്ങൾ |
|---|---|

| | |
|---|---|
| എ ജി പ്രസാദ് | 6/20 മുതൽ |
| മോളമ്മ ബിനു | 12/19 ഒഴികെ |
| സജിത മധു | 12/19 ഒഴികെ |

അപാകത സംബന്ധിച്ച് ഓഡിറ്റിൽ വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.08/01.02.22) ലഭ്യമാക്കിയ മറുപടിയിൽ പദ്ധതിയുടെ മാനദണ്ഡം പ്രകാരം മൂന്നുപ്രാവശ്യം തുടർച്ചയായി കാലിത്തീറ്റ വാങ്ങാത്ത ഗുണഭോക്താക്കളെ പദ്ധതിയിൽ നിന്നും ഒഴിവാക്കേണ്ടതാണെന്നും അപ്രകാരം ഒഴിവാക്കിയതാണെന്നും അറിയിച്ചിട്ടുണ്ട്. കോട്ടയം കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം അസിസ്റ്റന്റ് ഡയറക്ടറുടെ 3/02/22ലെ വിനിയോഗസാക്ഷ്യപത്രം പരിശോധിച്ചതിൽ 21577രൂപ വിനിയോഗിക്കാൻ അവശേഷിക്കുന്നതായി കാണുന്നു. മേൽ ഗുണഭോക്താക്കൾക്ക് വേണ്ടി കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം അസിസ്റ്റന്റ് ഡയറക്ടറുടെ അക്കൗണ്ടിലേക്ക് ഒടുക്കിയ തുക തിരികെ സർക്കാരിലേക്ക് അടവാക്കേണ്ടതാണ്. വിനിയോഗിക്കാത്ത 21,577 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-23 ഗ്രാമസഭ തെരഞ്ഞെടുക്കാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകി

പ്രോജക്ട് നം. 34/20

ചെലവ് – 63108 (2019-20)

325000 Q Bill

ബിൽ നമ്പർ 260/25.02.20

എച്ച് എം നിർവ്വഹണം നടത്തിയ പട്ടികജാതിയിൽപ്പെട്ട കുട്ടികൾക്ക് ലാപ്പ് ടോപ്പ് എന്ന പ്രോജക്ട് (34/20) പ്രകാരം 14 പേർക്ക് ലാപ് ടോപ്പ് വിതരണം ചെയ്തിട്ടുണ്ട് .

ആനുകൂല്യം ലഭിച്ച താഴെ പറയുന്ന വിദ്യാർത്ഥികളെ ഗ്രാമസഭ തെരഞ്ഞെടുത്തതായി കാണുന്നില്ല

1. ആദിത്യ സോമരാജ് വാർഡ് 13

2. ശാലിനി ബാബു വാർഡ് 8

3. രാധിക ബാബു വാർഡ് 18

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 3 എ സി പ്രകാരം ഗുണഭോക്താക്കളെ ലക്ഷ്യമാക്കിയുള്ള പദ്ധതികളെ സംബന്ധിച്ച് നിശ്ചയിക്കപ്പെട്ടിട്ടുള്ള മാനദണ്ഡമനുസരിച്ച് മുൻഗണനാക്രമത്തിൽ അർഹരായ ഗുണഭോക്താക്കളുടെ ലിസ്റ്റ് അന്തിമമായി തയ്യാറാക്കി ഗ്രാമപഞ്ചായത്തിന് നൽകുക എന്നത് ഗ്രാമസഭയുടെ അധികാരമാണ്.

ഗ്രാമസഭ തെരഞ്ഞെടുക്കാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകാനിടയായ സാഹചര്യം വ്യക്തമാക്കേണ്ടതാണന്നാവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന് മേൽ കുട്ടികളെ കമ്മറ്റി തിരഞ്ഞെടുത്ത് ഗുണഭോക്തൃ ലിസ്റ്റാക്കി തന്നതാണെന്ന് നിർവ്വഹണോദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്.

മേൽ പരാമർശിച്ച ഗുണഭോക്താക്കൾക്ക് നൽകിയ ആനുകൂല്യം തൊട്ടടുത്ത ഗ്രാമസഭയും അംഗീകരിച്ചിട്ടില്ല. ഗ്രാമസഭ അംഗീകരിക്കാത്ത ഗുണഭോക്താവിന് ധനസഹായം നൽകിയ നടപടി നിയമവിരുദ്ധമാണ്. ആനുകൂല്യം ലഭിക്കുന്ന എല്ലാ ഗുണഭോക്താക്കളും ഗ്രാമസഭ തെരഞ്ഞെടുത്തവർ/അംഗീകരിച്ചവർ ആണെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

1-24 ബാരൽവിലയിനത്തിൽ ഈടാക്കിയ തുക നിശ്ചിതശീർഷകങ്ങളിൽ അടവാക്കിയിട്ടില്ല.

തദ്ദേശ സ്വയംഭരണവകുപ്പിന്റെ 30.10.17-ലെ 59827/എഫ്.എം/07 നമ്പർ സർക്കുലർ പ്രകാരം ടാറിംഗ് പ്രവൃത്തികളിൽ ഉപയോഗിക്കുന്ന ടാർവീപ്പകളുടെ വില ഏത് ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത്

അഥവാ ഏത് ഫണ്ട് വിനിയോഗിച്ചാണോ പ്രവൃത്തി നടത്തിയത് അതേ ഫണ്ടിലേക്ക്, ധനകാര്യവകുപ്പിന്റെ 12.4.06-ലെ ജി.ഒ.(പി)177/06 നമ്പർ ഉത്തരവിലെ ഖണ്ഡിക 10.3 പാലിച്ച് തിരിച്ചടയ്ക്കേണ്ടതാണ്. റോഡ് ടാറിംഗ് പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ ബാരൽവില ഉൾപ്പെടെയുള്ള തുക ട്രഷറിയിൽനിന്നും പിൻവലിച്ചിട്ടുണ്ടെങ്കിലും ആയത് നിശ്ചിത ശീർഷകത്തിൽ സർക്കാരിലേക്ക് തിരിച്ചടയ്ക്കാതെ പഞ്ചായത്തിന്റെ തനതുഫണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുള്ളതായി കാണുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു. ടാർവീപ്പകളുടെ വിലയോടൊപ്പം ഈടാക്കിയിട്ടുള്ള 18% ജി.എസ്.റ്റി ഉൾപ്പെടെയുള്ള തുകയാണ് ഇപ്രകാരം തനത് ഫണ്ട് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നത്.

| പ്രോജക്ട് നം/ പേര് | ആകെ ചെലവ് | ടാർവീപ്പകളുടെ വില തനത്ഫണ്ടിൽ നിക്ഷേപിച്ചത് (ജി.എസ്.റ്റി ഉൾപ്പെടെ) |
|---|---|---|
| 176/21 തോരണം കൊട്ടക്കാട്ടിരുപതിൽ റോഡ് ടാറിങ്ങ് | 300000 | 7330 |
| 148/21 മരുതനാൽ പുല്ലുപാലം റോഡ് റീടാറിങ്ങ് | 654057 | 6459 |
| 186/20മീൻചിറ മുത്തന്റെ നട റോഡ് ടാറിങ്ങ് | 63908 | 2528 |
| 175/21 അറുനൂറ്റിമംഗലം അങ്കണവാടി റോഡ്ടാറിംഗ് | 574650 | 4213 |
| 156/20കൊച്ചപാലം കൊട്ടുവിരാചിറ റോഡ് ടാറിങ്ങ് | 489599 | 3089 |
| 170/20മഠത്തിൽകടവ് മഹിളസമാജം റോഡ് ടാറിങ്ങ് | 593834 | 3932 |
| 171/20തൊണ്ടമ്പ്രാൽ ചെങ്ങളം കുന്നംപറമ്പ് റോഡ് റീ ടാറിങ്ങ് | 297750 | 2808 |
| 172/20 ഈനാഴം മുതൽ പത്തിൽ കോളനി വരെയുള്ള റോഡ് ടാറിങ്ങ് | 249362 | 2247 |

അപാകത ശ്രദ്ധയിൽപ്പെടുത്തിയതിനെ തുടർന്ന് (എൻക്വയറി നം. 12/03.02.22) തുക തനതുഫണ്ടിൽനിന്നും നിശ്ചിത ശീർഷകങ്ങളിൽ സർക്കാരിലേക്ക് അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അസി. എൻജിനീയർ മറുപടി ലഭ്യമാക്കി. ബാരൽവിലയിനത്തിൽ

തനതുഫണ്ടിൽ സൂക്ഷിച്ചിട്ടുള്ള തുക നിശ്ചിത ശീർഷകങ്ങളിൽ അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

1-25 സ്പിൽ ഓവർ പ്രോജക്ടുകൾ നടപ്പാക്കിയിട്ടില്ല

അസി. എഞ്ചിനിയർ നിർവ്വഹണോദ്യാഗസ്ഥനായി സ്പിൽ ഓവറായി ഉൾപ്പെടുത്തിയിരുന്ന ചുവടെ ചേർക്കുന്ന പ്രോജക്ടുകൾ നടപ്പാക്കിയില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| പ്രോജക്ട് നം | പേര് | അടങ്കൽ |
|---|---|---|
| 165/20 | വാണിയപ്പുരയ്ക്കൽ ചാലുങ്കത്തറ റോഡ് മണ്ണിട്ടുയർത്തൽ | 45000 |
| 166/20 | താമരശ്ശേരി കോളനി കമ്മ്യൂണിറ്റി ഹാൾ മെയിന്റനൻസ് | 131255 |
| 177/20 | കിളിരൂർ യു പി സ്കൂൾ അറ്റകുറ്റപണി | 300000 |
| 178/20 | അങ്കണവാടി നമ്പർ 95അറ്റകുറ്റപ്പണി | 100000 |
| 179/20 | അങ്കണവാടി നമ്പർ 97അറ്റകുറ്റപ്പണി | 120000 |
| 180/20 | അങ്കണവാടി നമ്പർ 113അറ്റകുറ്റപ്പണി | 372000 |
| 181/20 | കുമ്മനം സബ് സെന്റർ ടോയ് ലെറ്റ് നിർമ്മാണം | 100000 |
| 182/20 | ഹോമിയോ ഡിസ്പെൻസറി അറ്റകുറ്റപണി | 152000 |
| 191/20 | ചക്കനാട് കേളക്കരി തോട് ആഴം കൂട്ടൽ | 50000 |
| 230/20 | അങ്കനവാടി കെട്ടിടനിർമ്മാണം | 1450000 |
| 234/20 | പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ പൊതുശൗചാലയ നിർമ്മാണം | 800000 |
| 235/20 | പഞ്ചായത്തിലെ വിവിധ സ്കൂളുകളിൽ പൊതുശൗചാലയ നിർമ്മാണം | 1200000 |

പ്രോജക്ടുകളുടെ ആദ്യ നടപടിക്രമങ്ങൾ പൂർത്തിയാക്കി കരാറിൽ ഏർപ്പെട്ടതിനു ശേഷമാണ് മരാമത്ത് പ്രവൃത്തികൾ സ്പിൽ ഓവറായി തുടർ വർഷങ്ങളിൽ ഉൾപ്പെടുത്തുന്നത്. 29.3.17-ലെ ജി.ഒ (എം.എസ്) 72/2017/തസ്വഭവ നമ്പർ മാർഗ്ഗരേഖാ ഉത്തരവ് ഖണ്ഡിക 6-8 (2) അനുസരിച്ച് സ്പിൽ ഓവർപ്രോജക്ടുകൾ അവ സ്പിൽ ഓവറായ വർഷം തന്നെ നിർബന്ധമായും

പൂർത്തീകരിക്കേണ്ടതാണ്. മേൽ പ്രൊജക്ടുകൾക്ക് മാത്രമായി വകയിരുത്തിയ തുകകൾ ഇപ്രകാരം രണ്ടു വർഷങ്ങളിലും നഷ്ടപ്പെട്ടിട്ടുണ്ട്. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-26 പോസ്റ്റ് ഷിഫ്റ്റിംഗ്- പൂർത്തീകരണ വിവരങ്ങൾ ലഭ്യമാക്കിയില്ല.

പഞ്ചായത്തിലെ വിവിധ വാർഡുകളിൽ റോഡ് നിർമ്മാണ പ്രവൃത്തികൾക്ക് തടസ്സമായി നിന്നിരുന്ന പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് കെ എസ് ഇ ബി യുടെ വിവിധ ഓഫീസുകളിൽ നിന്ന് തയ്യാറാക്കി നൽകിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ തനത് ഫണ്ടിൽ നിന്നും തുക അടവാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവർത്തികൾ | തുക ,വൗച്ചർ നമ്പർ | തുക അടവാക്കിയ സ്ഥാപനം |
|---|---|---|---|
| 1 | കുളപ്പുരതാഴെ-മണലേൽ റോഡ് (വാർഡ്-2) | 7334/ 21900078/2.5.19 | അസിസ്റ്റന്റ് എഞ്ചിനീയർ, കെ എസ് ഇ ബി, അയ്മനം |
| 2 | ഓത്താറ്റിൽ-പുറത്തേക്കരി വാർഡ്-5 | 7441/- 21900166/3.6.19 | അസിസ്റ്റന്റ് എഞ്ചിനീയർ, കെ എസ് ഇ ബി, അയ്മനം |
| 3 | മലരിക്കൽ(വാർഡ്-5) | 7520/- 21900237/21.6.19 | അസിസ്റ്റന്റ് എഞ്ചിനീയർ, കെ എസ് ഇ ബി,പുഞ്ച ,പള്ളം |
| 4 | പണിക്കശേരി ഭാഗം വാർഡ്-13 | 9918/- 21900325/19.7.19 | അസിസ്റ്റന്റ് എഞ്ചിനീയർ, കെ എസ് ഇ ബി,കുമരകം |
| 5 | മലരിക്കൽ അംഗൻവാടികെട്ടിടത്തിന്റെ മുകളിലൂടെ കടന്നുപോകുന്ന സ്ട്രീറ്റ് ലൈൻമാറ്റി സ്ഥാപിക്കുന്നതിന് (വാർഡ്-13) | 15000/- 21900327/19.7.19 | അസിസ്റ്റന്റ് എഞ്ചിനീയർ, കെ എസ് ഇ ബി, പള്ളം |
| 6 | കാഞ്ഞിത്തറ-കാണിക്കുന്ന് വാർഡ്-6,7 | 15000/- 21900938/29.1.20 | അസിസ്റ്റന്റ് എഞ്ചിനീയർ, കെ എസ് ഇ ബി, അയ്മനം |
| 7 | ആര്യാടം പാക്കൽ മോർക്കാട് വാണിയാപുരം ചാലുകത്തറ വാർഡ്-1 | 13878/- 21901093/29.2.20 | അസിസ്റ്റന്റ് എഞ്ചിനീയർ, കെ എസ് ഇ ബി, കുമരകം |
| 8 | യൂത്ത്ക്ലബ്- വെള്ളക്കടറോഡ് വാർഡ്-2 | 3750/- 21901094/29.2.20 | അസിസ്റ്റന്റ് എഞ്ചിനീയർ, കെ എസ് ഇ ബി, കുമരകം |
| 9 | പാകത്തുശേരി | 6492/- | അസിസ്റ്റന്റ് എഞ്ചിനീയർ, |

| | | | |
|---|---|---|---|
| | വാർഡ്-15 | 21901095/29.02.20 | കെ എസ് ഇ ബി,<br>കുമരകം |
| 10 | പനത്തറപാലത്തിന്റെ അപ്രോച്ച്റോഡ് വാർഡ്-17 | 5092/-<br>21901096/29.02.20 | അസിസ്റ്റന്റ് എഞ്ചിനീയർ,<br>കെ എസ് ഇ ബി,<br>കുമരകം |
| 11 | അമ്പൂരം വലിയ പറമ്പ് റോഡ്( വാർഡ്-8) | 11051/-<br>21901107/4.3.20 | അസിസ്റ്റന്റ് എഞ്ചിനീയർ,<br>കെ എസ് ഇ ബി,<br>അയ്മനം |
| | ആകെ തുക | 102476 | |

മേൽ പരാമർശിച്ചിട്ടുള്ള പ്രവൃത്തികൾ പൂർത്തികരിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (18/4.02.2022) വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കി. വിനിയോഗ സാക്ഷ്യപത്രവും ഫൈനൽ ബില്ലും ഹാജരാക്കുന്നതുവരെ 102476/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-27 കുടിവെള്ള വിതരണം -ആദായനികുതി ഈടാക്കിയിട്ടില്ല.

| | |
|---|---|
| പ്രൊജക്ട് നമ്പർ | So 205/19-20 |
| നിർവ്വഹണം | സെക്രട്ടറി |
| വകയിരുത്തിയ തുക | 1484500<br>(തനത് ഫണ്ട്) |
| ചെലവുതുക | 1295800 |

തൻവർഷം സ്പിൽ ഓവറായി നടപ്പിലാക്കിയ കുടിവെള്ള വിതരണം എന്ന പ്രോജക്ടിൽ 1964 ലെ ഐ.ടി ആക്ട് സെക്ഷൻ 194 സി പ്രകാരം ടി കരാറുകാരനിൽ നിന്നും 1% ആദായനികുതി ഈടാക്കേണ്ടിയിരുന്നു. എന്നാൽ ടിയാനിൽ നിന്നും ഇപ്രകാരം ആദായനികുതി ഈടാക്കിയതായി കാണുന്നില്ല. ആദായനികുതി ഈടാക്കുന്നതുമായി ബന്ധപ്പെട്ട് 04.02.2022ൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (21) തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. തുടർനടപടി സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-28 പെൻസിൽ പ്രോഗാം -ചെലവഴിച്ച തുക തിരികെ ലഭിച്ചത് സംബന്ധിച്ച്.

| വൗച്ചർനമ്പർ | തുക |
|---|---|
| 21900117/20.05.19 | 900 |
| 21900374/05.8.19 | 7500 |
| ആകെ | 8400/- |

തിരുവാർപ്പ് പഞ്ചായത്ത് ഹാളിൽ വെച്ച് 18.05.2019ന് ബഹു പഞ്ചായത്ത് ഡയറക്ടറുടെ (09.05.2019ലെ PAN /20018/2018-J 5(dp) നമ്പർ കത്ത് പ്രകാരം കുട്ടികളുടെ അവധികാല പഠനക്യാമ്പ് ആയ "പെൻസിൽ" പ്രോഗ്രാം കുടുബശ്രീയുടെ നേതൃത്വത്തിൽ നടത്തി. പ്രോഗ്രാമിൽ പങ്കെടുത്ത കുട്ടികൾക്ക് ഭക്ഷണത്തിനും മെറ്റിരിയലിനും, സ്റ്റേഷനറികൾക്കും കൂടി ആകെ 8400/-രൂപ മേൽ പറഞ്ഞ വൗച്ചറുകൾ പ്രകാരം ചെവഴിച്ചിട്ടുണ്ട്. പ്രോഗ്രാമിന് തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച തുകയുടെ വൗച്ചറുകൾ ജില്ലാ പഞ്ചായത്ത് ഡെപ്യൂട്ടിഡയറക്ടർ മുഖാന്തിരം കിലയ്ക്ക് സമർപ്പിക്കുന്ന മുറക്ക് ടി തുക തിരികെ ലഭിക്കുന്നതാണെന്ന് പഞ്ചായത്ത്ഡയറക്ടറുടെ കത്തിൽ അറിയിച്ചിരുന്നു. തുക തിരികെ ലഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നൽകിയ

ഓഡിറ്റ് അന്വേഷണ കുറിപ്പിന് (22/04.2.22) വൗച്ചറുകൾ കിലയ്ക്ക് സമർപ്പിച്ചിട്ടില്ലെന്നും ഉടൻതന്നെ സമർപ്പിച്ച് തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. ചെലവ് രേഖകൾ ഉചിതമാർഗേന കിലയിൽ സമർപ്പിച്ച് തുക ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ലഭ്യമാകുന്നമുറക്ക് പഞ്ചായത്ത് ഫണ്ടിൽ മുതൽകൂട്ടി വിവരം രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-29 പ്രത്യേക ആവശ്യത്തിന് ലഭിച്ച ഫണ്ടുകളുടെ വിനിയോഗം നീരിക്ഷിക്കേണ്ടതാണ്

പ്രത്യേക ആവശ്യത്തിന് വിവിധ ഏജൻസികളിൽ നിന്നും ലഭിച്ച തുകകൾ ചെലഴിക്കാതെ തനത് ഫണ്ടിൽ സൂക്ഷിക്കുന്നുണ്ട് . 31.03.2020-ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരമുള്ള പ്രത്യക ആവശ്യത്തിനായി ലഭിച്ച ഗ്രാന്റുകൾ പഞ്ചായത്ത് ഫണ്ടിൽ വർഷങ്ങളായി ബാധ്യതയായി അവശേഷിക്കുന്നു. ഗ്രാന്റുകൾ അക്കൗണ്ട് ചെയ്ത കണക്ക് ശീർഷകങ്ങളുടെ ലഡ്ജറിലെ രേഖപ്പെടുത്തൽ പ്രകാരമുള്ള വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | ഹെഡ് ഓഫ് അക്കൗണ്ട് | വിവരണം | തുക |
|---|---|---|---|
| 1 | 320100115 | സമ്പൂർണ്ണ ശുചിത്വം | 35528 |
| 2 | 320100116 | SSA | 185950 |
| 3 | 320100199 | പ്രത്യേക ആവശ്യത്തിന് ലഭിച്ച ഫണ്ട് | 32315 |
| 5 | 320400101 | നബാർഡ് സഹായം | 182 |
| 6 | 320200322 | ശുചിത്വ മിഷൻ ഗ്രാന്റ് | 609068 |
| 7 | 320700205 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച തുക- ജില്ലാ പഞ്ചായത്ത് | 100158 |
| 8 | 320700204 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച തുക- ബ്ലോക്ക് പഞ്ചായത്ത് | 292252 |

തുകകൾ ലഭിച്ച വർഷം, ആവശ്യം ചെലവഴിക്കാത്തതിന്റെ കാരണം രേഖാമൂലം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട നൽകിയ അന്വേഷണക്കുറിപ്പിന് (നം. 5/01.02.22) തുക ചെലവഴിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

മേൽ വിവരിച്ച ഗ്രാന്റുകൾ പഞ്ചായത്തിന്റെ തനത് ഫണ്ടിലാണ് നിക്ഷേപിച്ചിരിക്കുന്നത്. ഗ്രാന്റ് തുക നിർദ്ദേശിക്കപ്പെട്ട ആവശ്യത്തിന് ചെലവഴിക്കുകയോ അല്ലാത്തപക്ഷം തിരികെ അടവാക്കിയോ പഞ്ചായത്തിന്റെ ബാധ്യത ഒഴിവാക്കേണ്ടതാണ്.

## സംയുക്ത പ്രോജക്ടിനുള്ള തുക നിക്ഷേപിക്കാൻ ആരംഭിച്ച അക്കൗണ്ടിൽ നിലവിലും തുക അവശേഷിക്കുന്നു

സംയുക്ത പ്രോജക്ടിനായി ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് വിഹിതങ്ങൾ നിക്ഷേപിക്കുന്നതിന് കോട്ടയം സബ് ട്രഷറിയിൽ 799011400001192 നമ്പർ അക്കൗണ്ട് ആരംഭിച്ചിരുന്നു. ടി അക്കൗണ്ടിൽ 5/02/22ൽ 157906 രൂപ നീക്കിയിരിപ്പുണ്ട് . സർക്കാർ ഉത്തരവ് നം (പി) 7/2017/ ഫിൻ 27.01.2017 ഖ.VI പ്രകാരം ഇംപ്ലിമെന്റിംഗ് ലോക്കൽ ബോഡി അതാത് വർഷം ടി അക്കൗണ്ടിലെ തുക ട്രഷറി

അക്കൗണ്ടുമായി പൊരുത്തപ്പെടുത്തേണ്ടതും ചെലവഴിക്കാതെ അവശേഷിക്കുന്ന തുക സർക്കാരിലേയ്ക്ക് തിരികെ അടയ്ക്കേണ്ടതുമാണ്. മുൻ വർഷം ലഭിച്ച തുക ചെലവഴിക്കാതെ സൂക്ഷിക്കുന്നത് ശരിയായ നടപടിയല്ല. സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ച് തുക തിരികെ അടയ്ക്കേണ്ടതാണ്.

### 1-30 ഹയർ സെക്കൻഡറി തുല്യതാ കോഴ്സിന് ധനസഹായം നല്കൽ

സെക്രട്ടറി നിർവഹണം നടത്തിയ ഹയർ സെക്കൻഡറി തുല്യതാ കോഴ്സിന് ധനസഹായം നല്കൽ പ്രോജക്റ്റ് നം.- 14/20, പ്രോജക്റ്റ് നം.-217/20 എന്നിവ പ്രകാരംയഥാക്രമം 97600/-, 124895/- രൂപ തനത് ഫണ്ടിൽ നിന്നും പിൻവലിച്ച് (വൗച്ചർ നം. 5779449/29.03.20(97600/-), 5779449/29.03.2020(124895/-) സംസ്ഥാന സാക്ഷരതാ മിഷൻ ഡയറക്ടറുടെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടുണ്ട്. അപേക്ഷകർ പരീക്ഷയിൽ ഹാജരായതിന്റെ അഡ്മിഷൻ ടിക്കറ്റ്, പാസായതിന്റെ വിവരം, സർട്ടിഫിക്കറ്റ് വിതരണം ചെയ്തതിന്റെ രേഖകൾ എന്നിവ ഫയലിൽ ലഭ്യമായില്ല. രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതു വരെ ടി പ്രോജക്ടിനായി ചെലവഴിച്ച 222495/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

### 1-31 തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം നടപ്പിലാക്കിയിട്ടില്ല - വൈദ്യുതി ചാർജിനത്തിൽ അധിക ചെലവുണ്ടാകുന്നു

ഗ്രാമപഞ്ചായത്ത് തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജിനത്തിൽ 2019-20 സാമ്പത്തിക വർഷം 6,37,001 രൂപ കെ.എസ്.ഇ.ബിയിൽ അടവാക്കിയിട്ടുണ്ട്. തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് കെ.എസ്.ഇ.ബി.യിൽ നിന്നും ലഭിച്ച ഡിമാന്റ് പ്രകാരമാണ് ഒടുക്കിയിട്ടുള്ളത്. തെരുവ് വിളക്കുകൾക്ക് മീറ്റർ സമ്പ്രദായം ഏർപ്പെടുത്തുകയോ കെ.എസ്.ഇ.ബി.യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തുകയോ ചെയ്തിട്ടില്ല. ഇക്കാരണത്താൽ യഥാർത്ഥത്തിൽ പഞ്ചായത്തിൽ നിലവിൽ പ്രവർത്തിക്കുന്ന വിളക്കുകൾക്ക് തന്നെയാണോ തുക ഒടുക്കുന്നത് എന്നത് ഉറപ്പുവരുത്താൻ കഴിയുന്നില്ല.

07.07.2010-ലെ 43742/ഡി.സി.3/2010/ത.സ്വ.ഭ.വ സർക്കുലർ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തെരുവു വിളക്കുകൾക്ക് മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്താൻ സർക്കാർ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ എങ്ങുമെത്തിയിട്ടില്ല. മീറ്ററേതര ചാർജിനത്തിൽപ്പെടുന്ന എൽ.റ്റി 8 (എ) എന്ന താരിഫിലാണ് വൈദ്യുതി ചാർജ് കെ.എസ്.ഇ.ബി ഈടാക്കിക്കൊണ്ടിരിക്കുന്നത്. എന്നാൽ മീറ്റർ സ്ഥാപിച്ചിട്ടുള്ള എൽ.റ്റി 8 (ബി) എന്ന താരിഫിലാണ് വൈദ്യുതി ചാർജ് കണക്കാക്കുന്നതെങ്കിൽ ഉപയോഗത്തിനനുസരിച്ച് മാത്രം തുക നല്കിയാൽ മതിയാകും.

എൽ.റ്റി 8(എ), എൽ.റ്റി 8 (ബി) പ്രകാരം തുക ഈടാക്കുമ്പോൾ ചുവടെ പറയുന്ന വ്യത്യാസമുണ്ടാകുന്നു

| എൽ.റ്റി 8 (എ) | എൽ.റ്റി 8 (ബി) |
|---|---|
| 12 മണിക്കൂർ ഉപയോഗിച്ചില്ലെങ്കിലും തുക ഒടുക്കേണ്ടി വരുന്നു | ഉപയോഗത്തിനനുസരിച്ച് മാത്രമേ ചാർജ്ജ് ഈടാക്കൂ. |
| ഉപകരണങ്ങൾ പ്രവർത്തന രഹിതമായാലും തുക ഒടുക്കേണ്ടിവരുന്നു | പ്രവർത്തിക്കുന്നവയ്ക്കു മാത്രമേ ചാർജ്ജ് ഈടാക്കൂ |
| അറ്റകുറ്റപ്പണിയോ മറ്റേതെങ്കിലും കാരണത്താലോ വൈദ്യുതി ബന്ധം | ഉപയോഗത്തിൽ കുറവ് വരുന്നതിനാൽ ചാർജ്ജ് ഇടാക്കുന്നില്ല. |

| | |
|---|---|
| തകരാറിലായാലോ പോലും ചാർജ്ജ് ഒടുക്കേണ്ടിവരുന്നു | |

തിരുവാർപ്പ് ഗ്രാമപഞ്ചായത്തിൽ നിലവിൽ മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുകയോ ആയതിനു വേണ്ടി തുക ഡെപ്പോസിററ് ചെയ്യുകയോ ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-32 ഹരിത കർമ്മസേനയുടെ രൂപീകരണവും അജൈവ മാലിന്യ ശേഖരണവും- തുടർ പ്രവർത്തനം നടക്കുന്നില്ല

കുടുംബശ്രീയിൽ നിന്നും തിരഞ്ഞെടുത്ത അംഗങ്ങളെ ഉൾപ്പെടുത്തി ഹരിത കർമ്മസേന രൂപീകരിച്ചിട്ടുണ്ട്. ഹരിത കർമ്മസേന അജൈവമാലിന്യങ്ങൾ ശേഖരിച്ച് തരംതിരിച്ച് സൂക്ഷിയ്ക്കുന്നതിന് പഞ്ചായത്തിലെ 18വാർഡുകളിലും മിനി എം.സി. എഫ് നിർമ്മിച്ചതായോ , പഞ്ചായത്തിൽ പൊതുവായ മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റേഷൻ സെന്റർ നിർമ്മിച്ചതായോ വ്യക്തമല്ല. . ഹരിത കർമ്മസേന അംഗങ്ങൾക്ക് പരിശീലനം നൽകുന്നതിനുള്ള പ്രോജക്ട് , വൈയബിലിറ്റി ഗ്യാപ് നൽകുന്നതിനുള്ള പ്രോജക്ട് എന്നിവ നിർവ്വഹിച്ചിട്ടില്ല. എല്ലാ വാർഡുകളിൽ നിന്നും യൂസർ ഫീ കളക്ട് ചെയ്യുന്നില്ല. സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 23.04.18ലെ 10394-ഡി-2017/കെ.എസ്.എച്ച്.ഒ നമ്പർ ഉത്തരവ് പ്രകാരം തരംതിരിച്ച് സൂക്ഷിച്ചിരിക്കുന്ന അജൈവമാലിന്യങ്ങൾ മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റേഷൻ സെന്ററിൽ നിന്ന് മെറ്റീരിയൽ റിക്കവറി ഫെസിലിറ്റേഷൻ സെന്ററിലേക്ക് എത്തിക്കുന്നതിന് ക്ലീൻ കേരള കമ്പനിയുമായി ബന്ധപ്പെട്ട തുടർ പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്. മേൽ ഉത്തരവിന്റെ ഖണ്ഡിക 6.1 പ്രകാരം ഹരിതകർമ്മസേനയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ ഫലപ്രാപ്തിയിലെത്തുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് സേനയുടെ പ്രവർത്തന മേഖലയിൽ വരുന്ന തടസ്സങ്ങൾ പരിഹരിക്കുക, സേനയുടെ പ്രവർത്തനം സുഗമമാക്കുന്നതിന് വേണ്ട നിയമപരമായ ഇടപെടലുകൾ നടത്തുക എന്നിവ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ചുമതലകളാണ്. കൂടാതെ സ.ഉ (സാധാ) നം.2420/2017/തസ്വഭവ തീയതി 15.7.17 ഖണ്ഡിക 3(17) പ്രകാരം ഹരിതകർമ്മസേന വഴി ശേഖരിക്കുന്ന അജൈവമാലിന്യങ്ങൾ പുന:ചംക്രമണം ചെയ്യുന്നതിനുവേണ്ടി തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ സാധ്യമായിടങ്ങളിൽ ക്ലീൻ കേരള കമ്പനിയുമായി (ആവശ്യമെങ്കിൽ അനുയോജ്യമായ മറ്റ് സ്ഥാപനങ്ങളുമായും) കരാറിൽ ഏർപ്പെടേണ്ടതാണ്. എന്നാൽ ഇത്തരത്തിലുള്ള നടപടികളൊന്നും ഗ്രാമപഞ്ചായത്ത് കൈക്കൊണ്ടിട്ടില്ല. മാലിന്യസംസ്കരണത്തിന് പദ്ധതി നടപ്പിലാക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടെങ്കിലും തുടർ നടപടികൾ ആവിഷ്കരിക്കുകയോ പുരോഗതി വിലയിരുത്തുകയോ ചെയ്തിട്ടില്ല. അജൈവമാലിന്യങ്ങൾ വാങ്ങുന്നതിന് തയ്യാറുള്ള വിവിധ സ്ഥാപനങ്ങൾ കണ്ടെത്തി അവർക്കാവശ്യമായ രീതിയിൽ തരംതിരിച്ച് സൂക്ഷിക്കുന്നതിനും അത് പരമാവധി വരുമാനംലഭിക്കാവുന്ന രീതിയിൽ വിപണനം ചെയ്യുന്നതിനും ഹരിത കർമ്മസേനയെ പരിശീലിപ്പിക്കേണ്ടതാണ്. മേൽ സൂചിത വിഷയത്തിൻ മേൽ സ്വീകരിച്ച തുടർനടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണ്.

## 1-33 എസ്.എസ്.എ.ക്ക് വിഹിതം നൽകൽ - പദ്ധതി ആസൂത്രണത്തിൽ ഗ്രാമപഞ്ചായത്ത് പങ്ക് വഹിച്ചത്

| | |
|---|---|
| പ്രോജക്ടിന്റെ പേര് നം | എസ്.എസ്.എ.ക്ക് വിഹിതം നൽകൽ (ജനറൽ) 3/2020 |
| അടങ്കൽ | 696263 |

| | |
|---|---|
| ഫണ്ട് | വികസനഫണ്ട് (ജനറൽ) |
| ചെലവ് | 696263 |
| ബിൽ നം. തീ | 4/13.06.2019 |

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ഗ്രാമപഞ്ചായത്തിലെ വിദ്യാഭ്യാസ മേഖലയിലെ വിവിധ പദ്ധതികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് എസ്.എസ്.എ.ക്ക് മേൽ തുക കൈമാറിയിട്ടുണ്ട്. സ.ഉ.(കൈ) നം.11/2018 ത.സ്വ.ഭ.വ. തി. 29.01.2018 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖ.07.6-3 ൽ ഗ്രാമപഞ്ചായത്തുകൾ ഗവൺമെന്റ് നിശ്ചയിക്കുന്ന തുക എസ്.എസ്.എ പ്രോജക്ടുകൾക്ക് വകയിരുത്തണം എന്ന് നിർദ്ദേശിക്കുന്നുണ്ട്. മാത്രമല്ല ഈ പ്രോജക്ടുകളുടെ വിശദാംശം തയ്യാറാക്കുന്നതിൽ തദ്ദേശഭരണ സ്ഥാപനം അതിന്റെ പങ്ക് വഹിക്കണം എന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പദ്ധതിയുടെ വിശദാംശങ്ങൾ തയ്യാറാക്കുന്ന കാര്യത്തിൽ ഗ്രാമപഞ്ചായത്ത് പങ്ക് വഹിച്ചിട്ടില്ല. മാത്രമല്ല ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയോ, വർക്കിംഗ് ഗ്രൂപ്പോ പദ്ധതി നിർവ്വഹണത്തിൽ ഇടപെടലുകൾ നടത്തിയിട്ടില്ല. പദ്ധതിയുമായി ബന്ധപ്പെട്ട വിശദമായ മോണിറ്ററിംഗ് റിപ്പോർട്ട്, പദ്ധതി പൂർത്തീകരണ സാക്ഷ്യപത്രം, എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വിശദമായ പ്രൊജക്ടുകളുടെ രൂപരേഖയോ വിശദമായ വിനിയോഗ സാക്ഷ്യപത്രമോ ഇല്ലാതെ കൃത്യമായ മോണിട്ടറിംഗ് സാധ്യമാവുകയില്ല.

ബന്ധപ്പെട്ട വിശദമായ മോണിറ്ററിംഗ് റിപ്പോർട്ട്, പദ്ധതി പൂർത്തീകരണ സാക്ഷ്യപത്രം,വിശദമായ വിനിയോഗ സർട്ടിഫിക്കറ്റ്( പഞ്ചായത്തിലെ വിവിധ സ്കൂളുകൾക്കു വേണ്ടി നടപ്പിലാക്കിയ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ഉൾപ്പെടെ) എന്നിവ പരിശോധയ്ക്ക് ഹാജരാക്കേണ്ടതാണ്. വിശദാംശങ്ങൾ ലഭ്യമാക്കുന്നതു വരെ 696263 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-34 ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയില്ല

സ.ഉ.(കൈ) നം.11/തസ്വഭവ തീയതി. 29.01.2018 ഖണ്ഡിക 6.7 പ്രകാരം മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കാൻ കഴിയുന്ന തനതുഫണ്ടും ഉപയോഗപ്പെടുത്തി റോഡ്-റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്നും ഘടകസ്ഥാപന മേധാവികളുടെ യോഗത്തിൽ അംഗീകരിച്ച പ്രോജക്ടുകളാണ് പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുക, സേവന നിലവാരം ഉയർത്തുക, ആസ്തി വിപുലപ്പെടുത്തുക, സ്ഥാപനങ്ങളെ ഉന്നത നിലവാരത്തിലേക്ക് ഉയർത്തുക, ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റിലൂടെ ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമാക്കുക എന്നിവയാണ് ആസ്തി സംരക്ഷണ പദ്ധതിയുടെ പ്രധാന ലക്ഷ്യം. ഗ്രാമപഞ്ചായത്തിന്റെ ആസ്തികളുടെ പരിപാലനവുമായി ബന്ധപ്പെട്ട് സർക്കുലർ നം. 50412/ഡി.ബി.2/ 2011/ ത.സ്വ.ഭ.വ, തീയതി 13.10.2011 പ്രകാരം ആസ്തി രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണെന്നും, സർക്കുലർ നം.50608/ഡി.ബി.2/2009/ത.സ്വ.ഭ.വ,തീയതി 13.10.2010 ഉത്തരവ് പ്രകാരം ആസ്തികൾ ഡിജിറ്റലൈസ് ചെയ്ത് സൂക്ഷിക്കേണ്ടതാണെന്നും വ്യക്തമാക്കിയിരുന്നു. പഞ്ചായത്തിൽ സൂക്ഷിക്കുന്ന ഡിജിറ്റൽ ആസ്തി രജിസ്റ്റർ പരിശോധിച്ചതിൽ, നിർമ്മാണ ചെലവ്, അവസാന മെയിന്റനൻസ് വിവരങ്ങൾ, കൂട്ടിച്ചേർക്കലുകൾ നടത്തിയതിന്റെ തീയതിയും ചെലവും തുടങ്ങി പ്രധാനപ്പെട്ട രേഖപ്പെടുത്തലുകൾ നടത്തിയിട്ടില്ലാത്തതായി കാണുന്നു.

കാലഹരണപ്പെട്ടതും നിലവിൽ ഉപയോഗമില്ലാത്തതുമായ ആസ്തികൾ ഒഴിവാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ തയ്യാറാക്കിയിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കി സാംഖ്യയുമായി ബന്ധിപ്പിക്കാത്തതിനാൽ വാർഷിക കണക്കിലെ ആസ്തിമൂല്യം യഥാർത്ഥത്തിലുള്ള മൂല്യത്തെ പ്രതിഫലിപ്പിക്കുന്നില്ല എന്ന് വിലയിരുത്തുന്നു.

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 20.01.2017 ലെ ജി.ഒ.(ആർ.ടി.)166/2017 നമ്പരായി പ്രസിദ്ധീകരിച്ച തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കുള്ള അസറ്റ് മാനേജ്മെന്റ് മാനവൽ പ്രകാരം പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായി ഒരു അസ്സറ്റ് മാനേജ് മെന്റ് & മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതും,

ആസ്തികളുടെ വാർഷിക വിലയിരുത്തൽ നടത്തി അതിന്റെ അടിസ്ഥാനത്തിൽ അസറ്റ് മാനേജ്മെന്റ് സ്ട്രാറ്റജിയും(AMS), അസറ്റ് മാനേജ് മെന്റ് പ്ലാനും (AMP) തയ്യാറാക്കേണ്ടതാണ്. കൂടാതെ ആസ്തികളുടെ അർദ്ധ വാർഷിക റിവ്യൂ, വാർഷിക റിവ്യൂ എന്നിവയും നടത്തേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഇത്തരത്തിലുള്ള കമ്മറ്റി രൂപീകരിച്ചിട്ടില്ല

റോഡ് കണക്ടിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയില്ല

സർക്കാർ ഉത്തരവ് (കൈ)നം. 11/2018/ത.സ്വ.ഭ.വ തീയതി:29.01.2018 പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗരേഖ ഖണ്ഡിക 7/13(1) നിർദ്ദേശിക്കും പ്രകാരം ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണമെന്നും, ഏതൊരു റോഡ് നിർമ്മാണ പ്രൊജക്ടിനൊപ്പവും റോഡ് കണക്ടിവിറ്റി മാപ്പിൽ പ്രൊജക്ടിലൂടെ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തി സമർപ്പിക്കണമെന്നും പദ്ധതി മാർഗ്ഗരേഖകളിൽ പ്രത്യേകം പരാമർശിച്ചിട്ടുള്ളതാണ്.

എന്നാൽ ഒരു പ്രവൃത്തിയിലും ഈ നിബന്ധനകൾ പാലിച്ചതായി കണ്ടില്ല.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2019-20 | 02.02.2022 |

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച തീയതി | ലഭിച്ച തുക | പ്രോജക്ടിൻെറ പേര് | ചെലവ് | ബാക്കി |
|---|---|---|---|---|---|
| ഏറ്റുമാനൂർ ബ്ലോക്ക് | | 398119 | 17/20ഭിന്ന ശേഷിയുള്ളവർക്ക് | 398119 | |

| | | | | | |
|---|---|---|---|---|---|
| പഞ്ചായത്ത് | | | ഉല്ലാസയാത്രയും സ്കോളർഷിപ്പും | | |
| “ | | 940000 | 152/20ലൈഫ് മിഷൻ പദ്ധതി | 940000 | |
| “ | | 300000 | 207/20ലൈഫ് മിഷൻ പദ്ധതി (പട്ടികജാതി വിഭാഗം) | 300000 | |
| “ | | 54944 | 210/20പാലിന്റ സബ്സിഡി | 54944 | |
| “ | | 800 | 163/20ലൈഫ് മിഷൻ പദ്ധതി | 800 | |
| ആകെ | | 1693863 | | 1693863 | |
| കോട്ടയം ജില്ല പഞ്ചായത്ത് | | 424572 | 16/20അനുപൂരക, പോഷകാഹാര വിതരണപദ്ധതി | 424572 | |
| “ | | 400000 | 17/20ഭിന്ന ശേഷിയുള്ളവർക്ക് ഉല്ലാസയാത്രയും സ്കോളർഷിപ്പും | 400000 | |
| “ | | 900000 | 132/20ലൈഫ് മിഷൻ പദ്ധതി | 900000 | |
| “ | | 39200 | 163/20ലൈഫ് മിഷൻ പദ്ധതി | 39200 | |
| ആകെ | | 1763772 | | 1763772 | |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടില്ല

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

നല്കിയിട്ടില്ല.

## 4-5 വായ്പ/വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 5700000/-രൂപ വരവുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | ആകെ വായ്പ തുക | വർഷാരംഭത്തിൽ തിരിച്ച ടയ്ക്കാൻ | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ച ടയ്ക്കാൻ |
|---|---|---|---|---|---|

| | | | ബാക്കിയുണ്ടായിരുന്ന തുക | | | ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ ഭവനനിർമ്മാണം | നം.സാധാ.6105/19/ഫിൻ തീയതി 01.08.2018 | 23021925 | 17321925 | 1707808* | - | 21314117 |

* സ്രോതസ്സിൽ കുറവ് ചെയ്ത തുക കൂടാതെ 1925രൂപ KURDFCലേക്ക് 17/08/19ൽ നേരിട്ട് അടച്ചിട്ടുണ്ട്.

## 4-6 സ്ഥിര നിക്ഷേപത്തിന്റെ വിവരം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

തൻവർഷം ഓഡിറ്റ് റിക്കവറി ഇനത്തിൽ വരവില്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ ഇല്ല.

## 4-9 ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം

ചാർജ്/സർചാർജ് നടപടികളിലൂടെ തൻവർഷം തുക ഈടാക്കിയിട്ടില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | :86695403 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | :67991409 |
| വരവിനങ്ങളിലുള്ള നഷ്ടം | : |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1042811 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്.)

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-22 | 21577 | ഡോ. ഹസീന കെ.എച്ച് വെറ്റിനറി സർജൻ |
| 1-26 | 102476 | ശ്രീ.ജോർജ്ജ് പി.ജെ സെക്രട്ടറി |

| | | |
|---|---|---|
| 1-30 | 222495 | ശ്രീ.ജോർജ്ജ് പി.ജെ<br>സെക്രട്ടറി |
| 1-33 | 696263 | ശ്രീ.ജോർജ്ജ് പി.ജെ<br>സെക്രട്ടറി |
| ആകെ | 1042811 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ബാധകമല്ല

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പടെ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-98 ചെലവ് | നം.എൽ.എഫ്.കെ.പി.10/538(3)അദാ/14/29.11.14 |
| 1998-99 ചെലവ് | നം.എൽ.എഫ്.കെ.പി6/1149/07/8.2.08 |
| 1998-99 വരവ് | നം.എൽ.എഫ്.കെ.പി.6/280/12.01.09/2.2.09 |
| 1999-2000 ചെലവ് | നം.കെ.എസ്.എ.കെ.റ്റി.എം.പി.9/(അദാ.18/ 55(2)18/30.1.2018 |
| 1999-2000 വരവ് | നം.എൽ.എഫ്.കെ.പി6/281/08/12.01.09/2.2.09 |
| 2000-2001 | നം.കെ.എസ്.എ.കെ.റ്റി.എം.പി.9/(അദാ.18/55(3)18/ 30.1.2018 |
| 2000-01, 2001-02 പ്ലാൻ | നം.കെ.എസ്.എ.കെ.റ്റി.എം.പി10/538/14/21.10.15 |
| 2001-02 | നം.കെ.എസ്.എ.കെ.റ്റി.എം.പി19/(അദാ.18/55(4)18/ 30.1.2018 |
| 2002-03 ചെലവ് | നം.കെ.എസ്.എ.കെ.റ്റി.എം.പി.9/(അദാ.18/55(5)18/ 16.2.2018 |
| 2002-03 വരവ് | നം.എൽ.എഫ്.കെ.പി1/960/അദാ എച്ച്.2011(2)/ 22.08.11 |
| 2003-04 വരവ് | നം.എൽ.എഫ്.കെ.പി.6/1132/09/27.6.12 |
| 2004-05 | നം.കെ.എസ്.എ.കെ.റ്റി.എം.പി9/(അദാ.18/55(7)18/ |

| | |
|---|---|
| | 16.02.2018 |
| 2005-06 | നം.കെ.എസ്.എ.കെ.റ്റി.എം.പി.9/(അദാ.18/55(8)18/ 30.1.2018 |
| 2006-07 | നം.കെ.എസ്.എ.കെ.റ്റി.എം.പി.9(അദാ.18/55(9)18/ 30.1.2018 |
| 2007-08 | നം.കെ.എസ്.എ.കെ.റ്റി.എം.പി.9/(അദാ.18/55(10)18/ 30.1.2018 |
| 2008-09 | നം.കെ.എസ്.എ.കെ.റ്റി.എം.പി.9/(അദാ.18/55(11)18/ 29.1.2018 |
| 2009-10 | നം.കെ.എസ്.എ.കെ.റ്റി.എം.പി.9/(അദാ.18/55(12)18/ 29.1.2018 |
| 2010-11, 11-12 | നം.കെ.എസ്.എ.കെ.റ്റി.എം.പി.9/(അദാ.18/55(13)18/ 29.1.2018 |
| 2012-13 | നം.എൽ.എഫ്.കെ.പി.10/33/15/ 18.4.15 |
| 2013-14 | കെ.എസ്.എ-കെ.ടി.എം.പി9/(അദാ.18/55(13)18/ 29.1.2018 |
| 2014-15 | കെ.എസ്.എ-കെ.ടി.എം.പി10/17/17/1.6.17 |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി9/410/18/ 7.3.2018 |
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി9/408/18/ 7.3.2018 |
| 2017-18 | കെ.എസ്.എ-കെ.ടി.എം.പി9/839/19/3.9.19 |
| 2018-19 | കെ.എസ്.എ-കെ.ടി.എം.പി9/1432/21/19.11.21 |

ഡെപ്യൂട്ടി ഡയറക്ടർ (ഹഗ്രേ)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ തിരുവാർപ്പ് ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ തിരുവാർപ്പ് ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്